## ഇരിങ്ങാലക്കുട നഗരസഭ

# വാർഷിക പദ്ധതി രേഖ

# 2026 – 27



പൗരാണികതയും ആധുനികതയും ഒരുപോലെ സമ്മേളിച്ച സാംസ്കാരിക നഗരമാണ് ഇരിങ്ങാലക്കുട, ഇരിങ്ങാലക്കുട നഗരത്തിന്റെ വികസനം പ്രാപ്തമാക്കുന്നതിന് വാർഡ് സഭകളിൽ നിന്ന് വികസന നിർദ്ദേശങ്ങൾ വരികയും അവയെ 2026-27 വർഷത്തേക്കുള്ള പദ്ധതികളായി മാറ്റി, വികസനം സാധ്യമാക്കുകയാണ് വേണ്ടത്. ലഭ്യമായ പദ്ധതി വിഹിതമുപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിലും. ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ രൂപീകരിക്കേണ്ടിയിരിക്കുന്നു. ബഹു. സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങളോടൊപ്പം നഗരസഭയുടേതായ പദ്ധതികളും രൂപീകരിച്ചിട്ടുണ്ട്. പാർപ്പിട മേഖലയ്ക്കും. ആരോഗ്യ സംരക്ഷണ രംഗത്തും, നഗര ശുചിത്വത്തിനും, കുടി വെള്ളത്തിനും, വിദ്യാഭ്യാസ മേഖലയ്ക്കും പ്രദേശിക സാമ്പത്തിക മേഖലയ്ക്കും മുൻതൂക്കം നൽകിയിട്ടുണ്ട്. ഗതാഗത സൗകര്യത്തിനുതകുംവിധം റോഡുകളുടേയും കാനകളുടേയും നിർമ്മാണവും, അറ്റകുറ്റപണികളും, ജലപരിപോഷണത്തിന് സഹായകമാകുന്നതിന് കനാലുകളുടേയും, കുളങ്ങളുടേയും പുനരുദ്ധാരണം എന്നിവയ്ക്കും മുൻതൂക്കം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ എല്ലാ മേഖലകളേയും ഉൾപ്പെടുത്തി നഗരത്തിന്റെ അടിസ്ഥാന വികസനത്തിന് മുൻതൂക്കം കൊടുത്തു കൊണ്ടാണ് 2026-27 വർഷത്തെ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

കാര്യക്ഷമമായ പദ്ധതി നിർവ്വഹണത്തിലൂടെ ഇരിങ്ങാലക്കുടയുടെ വികസനം പ്രാപ്തമാക്കാൻ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

സ്നേഹപൂർവ്വം

**എം.പി. ജാക്സൺ**
മുൻസിപ്പൽ ചെയർമാൻ

# ഇരിങ്ങാലക്കുട നഗരസഭ

## പൊതുവിവരങ്ങൾ

| | | |
|---|---|---|
| പേര് | : | ഇരിങ്ങാലക്കുട നഗരസഭ |
| മുൻസിപ്പാലിറ്റി രൂപീകരണം | : | 1936 ഫെബ്രുവരി 8 |
| ജില്ല | : | തൃശ്ശൂർ |
| അസംബ്ലി നിയോജകമണ്ഡലം | : | ഇരിങ്ങാലക്കുട |
| പാർലിമെന്റ് നിയോജകമണ്ഡലം | : | തൃശ്ശൂർ |
| വാർഡുകൾ | : | 43 |
| വനിത സംവരണം | : | 22 |
| പട്ടികജാതി സംവരണം | : | 5 |
| താലൂക്ക് | : | മുകുന്ദപുരം |
| വില്ലേജുകൾ | : | ഇരിങ്ങാലക്കുട, മാനവലശ്ശേരി, പുല്ലൂർ, കാറളം, പൊറത്തിശ്ശേരി, മാടായിക്കോണം |
| വിസ്തീർണ്ണം | : | 33.57 ച.കി.മീറ്റർ |
| അതിരുകൾ | : | കരുവന്നൂർ പുഴ, പറപ്പൂക്കര, മുരിയാട്, കാറളം, പൂമംഗലം ഗ്രാമപഞ്ചായത്തുകൾ |
| ജനസംഖ്യ | : | 67,542 (2011 സെൻസസ് റിപ്പോർട്ട്) |
| പുരുഷൻ | : | 32059 |
| സ്ത്രീ | : | 35483 |
| പ്രധാന കൃഷി | : | തെങ്ങ്, നെല്ല് |
| പ്രധാന വ്യവസായങ്ങൾ | : | കാലിത്തീറ്റ ഉത്പാദനം, പാത്രനിർമ്മാണം, വെളിച്ചെണ്ണ ഉത്പാദനം, സോപ്പ് നിർമ്മാണം, IT പാർക്ക് |
| അടുത്ത റെയിൽവേ സ്റ്റേഷൻ | : | ഇരിങ്ങാലക്കുട (കല്ലേറ്റുംകര) |
| എം.പി. | : | ശ്രീ. സുരേഷ് ഗോപി |
| എം.എൽ.എ. | : | ഡോ. ആർ. ബിന്ദു (ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി) |

# ഇരിങ്ങാലക്കുട നഗരസഭ

## ഭരണസമിതി

**ശ്രീ. എം.പി. ജാക്സൻ**
ചെയർമാൻ

**ശ്രീമതി ചിന്ത ധർമ്മരാജൻ**
വൈസ് ചെയർപേഴ്സൺ

**അഡ്വ. വി.സി. വർഗ്ഗീസ്**
വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

**ശ്രീമതി മിനി ജോസ് ചാക്കോള**
ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി
ചെയർപേഴ്സൺ

**ശ്രീ. ടി.എ. പോൾ**
ആരോഗ്യകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി
ചെയർപേഴ്സൺ

**ശ്രീമതി റോണി പോൾ മാവേലി**
പൊതുമരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി
ചെയർപേഴ്സൺ

**ശ്രീ. പ്രവീൺ ഞാറ്റുവെട്ടി**
വിദ്യഭ്യാസം, കലാ-കായിക
സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ

**അൽഫോൻസ തോമസ്**
**വിനിൽ പി വി**
**റൈബി ജോബി കാഞ്ഞിരക്കാടൻ**
**ബൈജു കുറ്റിക്കാടൻ**
**ടി കെ ഷാജു**
**സി സി ഷിബിൻ**
**അജിത്കുമാർ കെ വി**
**ജോഫി ബോസ്സ്**
**മഞ്ജു സജത്**
**പ്രേമ പാറയിൽ**
**കുരിയൻ ജോസഫ്**
**ജോസ്മി ഷാജി**
**മാഗി വിൻസെന്റ് പള്ളായി**
**എം എസ് ദാസൻ**
**ജോസഫ് ചാക്കോ**
**പി വി ശിവകുമാർ**
**കെ എസ് പ്രസാദ്**
**ഗീത പുതുമന**

**ബിന്ദു വിനയൻ**
**ആര്യ സുമേഷ്**
**സുജ സഞ്ജീവ്കുമാർ**
**സ്മിത കൃഷ്ണകുമാർ**
**ഡെലി സിജൂ യോഹന്നാൻ**
**ശ്രീലക്ഷമി മനോജ്**
**സുരഭി വിനോദ്**
**പി എം നന്ദുലാൽ**
**അശ്വതി വി എസ്**
**ബാബു പാലക്കൽ**
**സിന്ധു ഗിരീഷ്കുമാർ**
**വിജയകുമാരി അനിലൻ**
**വിനീത ടി എസ്**
**ലേഖ ഷാജൻ**
**രമീള സതീശൻ**
**വിമി ബിജേഷ്**
**രമ്യ ഷിബു**
**വിഷ്ണു പ്രഭാകരൻ**



**ചിന്ത ധർമ്മരാജൻ**

വൈസ് ചെയർ പേഴ്സൺ



**അഡ്വ. വി.സി. വർഗ്ഗീസ്**

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർമാൻ



**മിനി ജോസ് ചാക്കോള**

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



**ടി.എ. പോൾ**

ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർമാൻ



**റോണി പോൾ മാവേലി**

മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



**പ്രവീൺസ് ഞാറ്റുവെട്ടി**

വിദ്യഭ്യാസ കലാകായിക സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർമാൻ



**ചിന്ത ധർമ്മരാജൻ**
വാർഡ് 1



**ടി.എ. പോൾ**
വാർഡ് 2



**അൽഫോൺസ തോമസ്**
വാർഡ് 3



**വിനിൽ പി.വി**
വാർഡ് 4



**റൈബി ജോബി കാഞ്ഞിരക്കാടൻ**
വാർഡ് 5



**ബൈജു കുറ്റിക്കാടൻ**
വാർഡ് 6



**ടി.കെ. ഷാജു**
വാർഡ് 7



**സി.സി.ഷിബിൻ**
വാർഡ് 8



**അജിത് കുമാർ കെ.വി.**
വാർഡ് 9



**ജോഫി ബോസ്സ്**
വാർഡ് 10



**മഞ്ജു സജത്**
വാർഡ് 11



**പ്രേമ പാറയിൽ**
വാർഡ് 12



**കുരിയൻ ജോസഫ്**
വാർഡ് 13



**ജോസ്മി ഷാജി**
വാർഡ് 14



**മാഗി വിൻസന്റ് പള്ളായി**
വാർഡ് 15



**എം.എസ്. ദാസൻ**
വാർഡ് 16



**മിനി ജോസ് ചാക്കോള**
വാർഡ് 17



**ജോസഫ് ചാക്കോ**
വാർഡ് 18



**പി.വി. ശിവകുമാർ**
വാർഡ് 19



**അഡ്വ. വി.സി. വർഗ്ഗീസ്**
വാർഡ് 20



**കെ.എസ്. പ്രസാദ്**
വാർഡ് 21



**എം.പി. ജാക്സൻ**
വാർഡ് 22



**ഗീത പുതുമന**
വാർഡ് 23



**ബിന്ദു വിനയൻ**
വാർഡ് 24



**പ്രവീൺസ് ഞാറ്റുവെട്ടി**
വാർഡ് 25



**ആര്യ സുമേഷ്**
വാർഡ് 26



**സുജ സജീവ്കുമാർ**
വാർഡ് 27



**സ്മിത കൃഷ്ണകുമാർ**
വാർഡ് 28



**ഡെലി സിജു യോഹന്നാൻ**
വാർഡ് 29



**ശ്രീലക്ഷ്മി മനോജ്**
വാർഡ് 30



**റോണി പോൾ മാവേലി**
വാർഡ് 31



**സുരഭി വിനോദ്**
വാർഡ് 32



**പി.എം. നന്ദുലാൽ**
വാർഡ് 33



**അശ്വതി വി.എസ്**
വാർഡ് 34



**ബാബു പാലക്കൽ**
വാർഡ് 35



**സിന്ധു ഗിരീഷ്കുമാർ**
വാർഡ് 36



**വിജയകുമാരി അനിലൻ**
വാർഡ് 37



**വിനീത ടി.എസ്.**
വാർഡ് 38



**ലേഖ ഷാജൻ**
വാർഡ് 39



**രമീള സതീശൻ**
വാർഡ് 40



**വിമി ബിജേഷ്**
വാർഡ് 41



**രമ്യ ഷിബു**
വാർഡ് 42



**വിഷ്ണു പ്രഭാകരൻ**
വാർഡ് 43

## അദ്ധ്യായം - 1

# തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതി അവസ്ഥ

## 1. പൊതുഭരണവും ധനകാര്യവും

**അടിസ്ഥാന വിവരങ്ങൾ :** തദ്ദേശ ഭരണസ്ഥാപനം, ഘടക സ്ഥാപനങ്ങൾ, സർക്കാർ-സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെ എണ്ണം പരിശോധിച്ചു. 70 സർക്കാർ സ്ഥാപനങ്ങളിൽ 1272 ജീവനക്കാർ ഉള്ളപ്പോൾ നഗരസഭ പ്രദേശത്തെ 214 സർക്കാരിതര സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ എണ്ണം 2271 ആണ്. നഗരസഭ ഓഫീസിലെ ജീവനക്കാരുടെ എണ്ണം 126 ആണ്. ഇതിൽ 6 പേർ താല്ക്കാലികക്കാരാണ്. 20 ഘടക സ്ഥാപനങ്ങളാണ് നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്നത്.

**ധനകാര്യം :** വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പൊതു ആവശ്യ ഗ്രാന്റ് തനത് ഫണ്ട്, സംസ്ഥാന-കേന്ദ്രാവിഷ്കൃത ഫണ്ട്, ഗുണഭോക്തൃ വിഹിതം, വായ്പ, എന്നിവയാണ് സഗരസഭയുടെ വരുമാന സ്രോതസ്സുകൾ.

**സദ്ഭരണം :** കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ചു വരുന്നു. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസിലെ ഭൗതിക സൗകര്യങ്ങൾ തൃപ്തികരമാണെങ്കിലും ഓഫീസ് ക്രമീകരണം നിലവാരം പുലർത്തുന്നതല്ല. ഓഫീസ് റിക്കാർഡുകൾ സൂക്ഷിക്കാൻ പ്രാപ്തമായ റിക്കാർഡ് റൂമില്ല. ഓഫീസ് സുരക്ഷിതത്വം വെല്ലുവിളിക്കപ്പെടുന്നു. ചുറ്റുമതിൽ ഇല്ലാത്തതാണ് ഇതിന് പ്രധാന കാരണം. പ്രദർശന ബോർഡുകളുണ്ട്. പരാതി പരിഹാരം തൃപ്തികരമല്ല. ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങൾ ലഭ്യമാകുന്നില്ല. ഓഫീസ് പ്രവർത്തനങ്ങളുടെ തുടർച്ചയായ വിലയിരുത്തൽ അനിവാര്യമാണ്. ജനാധിപത്യ വേദികളുടെ സജീവത നിലനിൽക്കുന്നില്ല. ഇ-ഗവേൺസ് ഫലപ്രദമായി നടക്കുന്നില്ല.

**പശ്ചാത്തല സൗകര്യം :** നഗരസഭക്ക് നല്ല ഓഫീസ് കെട്ടിടമുണ്ടെങ്കിലും പരിമിതികൾ ഏറെയുണ്ട്. ചുറ്റുമതിലിന്റെ അഭാവം ഓഫീസ് സുരക്ഷിതത്വത്തെ ബാധിക്കുന്നു. കോൺഫറൻസ് ഹാൾ ഇല്ലാത്തതും പോരായ്മയാണ്. ഘടകസ്ഥാപനങ്ങൾക്ക് സ്വന്തമായ കെട്ടിടങ്ങൾ ഉണ്ട്. എന്നാൽ ഗവ. ഹോമിയോ ആശുപത്രി വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

80 വർഷം പൂർത്തീകരിച്ച നഗരസഭക്ക് അതിനനുസൃതമായവിധം ആസ്തി സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. നിലവിലുള്ള ആസ്തികളിൽ ഉപയോഗക്ഷമമല്ലാതെ കിടക്കുന്നവയുടെ എണ്ണം അധികമാണ്. അറവുശാല, പട്ടികജാതി വികസന മന്ദിരം, എസ്.സി. കൺസോർഷ്യം പകൽവീട്, എസ്.സി. വനിതകൾക്ക് വ്യവസായ കേന്ദ്രം, വനിതാ വിപണനകേന്ദ്രം, മാർക്കറ്റ്, മിനി ബസ്സ് സ്റ്റാന്റ്, ചാത്തൻമാസ്റ്റർ കമ്മ്യൂണിറ്റി ഹാൾ എന്നീ കെട്ടിടങ്ങൾ ഉപയോഗപ്രദമല്ലാത്ത അവസ്ഥയിലാണ്. ഭൂമിയുടെ കാര്യത്തിൽ ആസാദ് റോഡ്, കൊരുമ്പിശ്ശേരി എന്നിവിടങ്ങളിൽ വ്യവസായ എസ്റ്റേറ്റിനു വേണ്ടി വാങ്ങിയ ഭൂമി ഉദ്ദേശ്യലക്ഷ്യം കൈവരിച്ചിട്ടില്ല. കൊരുമ്പിശ്ശേരി 4 സെന്റ് കോളനിയിൽ ഒഴിഞ്ഞുകിടക്കുന്ന പ്ലോട്ടുകൾ, ചാത്തൻമാസ്റ്റർ മെമ്മോറിയൽ സ്കൂൾ കളിസ്ഥലത്തിന് വാങ്ങിയ സ്ഥലം, റോഡ് വികസനത്തിന് വേണ്ടി ഡൗൺ ഹാളിന്റെ തെക്കുഭാഗത്ത് സംഭാവനയായി ലഭിച്ച 11 സെന്റ് സ്ഥലം എന്നിവ ഉപയോഗിക്കപ്പെടാതെ കിടക്കുന്നു. പൊതുകുളങ്ങൾ, പൊതു കിണറുകൾ, എട്ടുമുറി കുടിവെള്ള പദ്ധതി, തലയിണക്കുന്ന് കുടിവെള്ള പദ്ധതി, ട്രഞ്ചിംഗ് ഗ്രൗണ്ടിലെ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് എന്നിവ നോക്കുകുത്തിയായി നില്ക്കുന്നു. നഗരസഭ ടൗൺഹാളിലേയും ചാത്തൻമാസ്റ്റർ കമ്മ്യൂണിറ്റി ഹാളിലേയും പാചക പാത്രങ്ങൾ ഉപയോഗിക്കപ്പെടാതെ ഇരിക്കുകയാണ്.

# 2. കൃഷിയും അനുബന്ധ മേഖലകളും

നഗരഹൃദയത്തിലെ ഏതാനും പ്രദേശങ്ങൾ ഒഴിച്ചുനിർത്തിയാൽ നഗരസഭയിലെ ഭൂരിഭാഗവും കാർഷിക മേഖലയാണ്. ആകെ ഭൂവിസ്തൃതിയായ 3357 ഹെക്ടറിൽ 2028 ഹെക്ടറും കൃഷിക്കനുയോജ്യമാണ്. തെങ്ങ്, നെല്ല്, വാഴ, ജാതി തുടങ്ങിയവയാണ് പ്രധാന വിളകൾ. അര നൂറ്റാണ്ട് മുൻപ് കൃഷിഭൂമിയുടെ നല്ലൊരു പങ്കും നെൽവയലുകളായിരുന്നു. നെൽകൃഷി ആദായകരമല്ലാതായതോടെ വയലുകൾ വ്യാപകമായി തരംമാറ്റപ്പെട്ടു. നൂറുകണക്കിന് ഏക്കർ നെൽവയലുകൾ കളിമൺ ഖനനം മൂലവും മണലൂറ്റ് മൂലവും കൃഷിയോഗ്യമല്ലാതായി. ഇന്ന് നെൽകൃഷി ആയിരം ഏക്കറിലേക്ക് ഒതുങ്ങിയിരിക്കുകയാണ്. യന്ത്രവൽക്കരണം നെൽകൃഷി മേഖലയിൽ വ്യാപകമായിട്ടും തൊഴിലാളി ക്ഷാമം രൂക്ഷമാണ്. അന്യ സംസ്ഥാന തൊഴിലാളികളെ പലയിടത്തും ആശ്രയിക്കേണ്ടി വരുന്നു.

നെൽവയലുകളുടെ ശോഷണം ഈ മേഖലയിലുണ്ടായിരുന്ന കുളങ്ങളുടേയും തോടുകളുടേയും നാശത്തിന് വഴിമരുന്നിട്ടു. നഗരവത്ക്കരണം വ്യാപകമായതോടെ തോടുകളും കുളങ്ങളും മാലിന്യ നിക്ഷേപ കേന്ദ്രങ്ങളായി മാറി. ഇതോടൊപ്പം കൈയ്യേറ്റവും മണ്ണിട്ടു നികത്തലും കൂടിയായപ്പോൾ ഇവയുടെ നാശം പൂർണ്ണമായി. ഇത് മഴക്കാലത്ത് വെള്ളപ്പൊക്കത്തിനും വേനലിൽ ജലക്ഷാമത്തിനും കാരണമാകുന്നു. കിണറുകളിലെ ജലലഭ്യത കുറഞ്ഞതോടെ കുഴൽകിണറുകൾ വ്യാപകമായിട്ടുണ്ട്. അമിതമായ ജലചൂഷണം ഭൂഗർഭ ജലത്തിന്റെ ശോഷണത്തിന് കാരണമാകുന്നു. കൂടാതെ ക്രമമായി കുറഞ്ഞുവരുന്ന മഴയുടെ അളവ്, വയലുകൾ മണ്ണിട്ടു നികത്തൽ, കുന്നിടിക്കൽ എന്നിവയും ഭൂഗർഭ ജലം റീചാർജ്ജ് ആകുന്നതിന് വിഘാതമാകുന്നുണ്ട്. മുറ്റം കോൺക്രീറ്റ് ചെയ്യുന്ന പ്രവണതയും സ്ഥിതി രൂക്ഷമാക്കുന്നു.

കാർഷിക വിളകളും ഉയർന്ന ഉത്പാദന ചിലവ് ഈ മേഖലയിൽ നിന്ന് കർഷകരെ പിന്നോട്ടു വലിക്കുന്നു. ഉല്പാദനോപാധികളായ വിത്ത്, വളം എന്നിവയുടെ വില വർദ്ധിക്കുന്നതിന് ആനുപാതികമായ ഉല്പന്നത്തിന് വില ലഭിക്കുന്നില്ല. ആഗോള കരാർ വ്യവസ്ഥകളും മൂല്യവർദ്ധനവ് നടത്തുന്നതിനുള്ള സൗകര്യക്കുറവും മികച്ച വില ലഭിക്കുന്നതിൽ നിന്ന് കർഷകരെ തടയുന്നു. നെല്ല് സംഭരണം കർഷകർക്ക് ആശ്വാസമാകുന്നുണ്ടെങ്കിലും വില ലഭിക്കുന്നതിന് വരുന്ന കാലതാമസം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. നെല്ലിന്റെ സംഭരണ വില കാലോചിതമായി വർദ്ധിപ്പിക്കണം. നഗരസംസ്ക്കാരം വളർന്നതോടെ മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും വയലുകളിലും വലിച്ചെറിയുന്ന രീതി വ്യാപകമായി. ഇത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കും തെരുവുനായ്ക്കൾ പെറ്റുപെരുകുന്നതിനും ഇടയാക്കിയിട്ടുണ്ട്.

കാർഷിക മേഖലയിൽ ഏറ്റവും കൂടുതൽ പേർ ആശ്രയിക്കുന്ന നാളികേര മേഖലയിൽ കൂമ്പുചീയൽ, കാറ്റുവീഴ്ച എന്നീ രോഗങ്ങളും കൊമ്പൻചെല്ലി, ചെമ്പൻചെല്ലി, മണ്ഡരി എന്നീ കീടങ്ങളും വെല്ലുവിളിയായി തുടരുന്നു. കൃഷിഭൂമി തരിശിടുന്ന പ്രവണതയും കാർഷിക മേഖലയിൽ കണ്ടുവരുന്നു. മേൽ സൂചിപ്പിച്ച വിവിധ പ്രശ്നങ്ങൾക്കൊപ്പം കൃഷിഭൂമി ഒരു കമ്പോള വസ്തുവായി മാറിയതും ഇതിനൊരു കാരണമാണ്.

# 3. മൃഗസംരക്ഷണം

നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന സംസ്ക്കാരവും പൈതൃകവും മൃഗസംരക്ഷണ മേഖലയ്ക്ക് ഊന്നൽ നൽകുന്ന ഒന്നായിരുന്നു. കൃഷിയും മൃഗസംരക്ഷണവും ഒന്നിച്ചുപോകുന്ന പരസ്പര പൂരകങ്ങളായി പ്രവർത്തിച്ചുവന്നിരുന്നു. കൃഷിമേഖലയിൽ വന്ന മാറ്റങ്ങളും, ജീവിത രീതിയിലും സംസ്ക്കാരത്തിലും വന്ന മാറ്റങ്ങൾ മൃഗസംരക്ഷണ മേഖലയിലെ ഉരുക്കളിലും പരിപാലനമുറകളിൽ വന്ന മാറ്റങ്ങളും ഈ മേഖലയെ ആഴത്തിൽ സ്പർശിച്ചിട്ടുണ്ട്.

അതീവ ഉല്പാദനശേഷിയുള്ള സങ്കരയിനം പശുക്കൽ നിലവിലുണ്ടായിരുന്ന ഉല്പാദനം കുറഞ്ഞ പശുക്കൾക്കു പകരം സ്ഥാനംപിടിച്ചു. എന്നാൽ കൂടുതൽ പരിചരണം ആവശ്യമുള്ള പുതിയ ഇനം പശുക്കൾ രോഗപ്രതിരോധശേഷി കുറഞ്ഞവയും, കൂടുതൽ ശ്രദ്ധ ആവശ്യമുള്ള വയുമാണ്. അതുകൊണ്ടുതന്നെ തീറ്റയും, പാർപ്പിടവും, രോഗപ്രതിരോധവും, മരുന്നുകളും എല്ലാം കൂടുതൽ ചിലവേറിയതായി. ഈ തൊഴിൽ ചെയ്യുന്നതിനുള്ള തൊഴിലാളികളുടെ ലഭ്യതക്കു റവും ഇവർക്ക് വേണ്ടിവരുന്ന ചിലവും ഈ മേഖലയെ സങ്കീർണ്ണതയുള്ളതാക്കി.

# 4. പ്രാദേശിക സാമ്പത്തിക വികസനം

## (ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ സഹകരണം മുതലായവ)

ഒരു പ്രദേശത്തിന്റെ സമഗ്ര വികസനത്തിനും അതുവഴി സാമ്പത്തിക വളർച്ചയ്ക്കും വ്യവ സായങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. സംരംഭങ്ങൾ ആരംഭിക്കുന്നതുവഴി പ്രദേശവാസി കൾക്ക് വിവിധ മേഖലയിൽ തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതോടൊപ്പം പ്രാദേശിക സാമ്പ ത്തിക വികസനവും സാധ്യമാകുന്നു. ഇന്ത്യയിലെ ജനസംഖ്യ പരിശോധിക്കുകയാണെങ്കിൽ ഒരു ഇന്ത്യക്കാരന്റെ ശരാശരി പ്രായം 29 വയസ്സാണ്. അതായത് ഇന്ത്യൻ ജനസംഖ്യയിൽ യുവതീയു വാക്കളാണ് കൂടുതലും. ഈ മനുഷ്യവിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തി നൈപുണ്യ പരിശീലനത്തിലൂടെ ദ്രുതഗതിയിലുള്ള വ്യവസായ പുരോഗതി ആർജ്ജിക്കാൻ നമുക്ക് കഴിയും. തന്മൂലം ആ പ്രദേശത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ നമുക്ക് സാധിക്കും.

സംരംഭങ്ങൾ വഴി ഒരു പ്രദേശത്തിന്റെ സാമ്പത്തിക വികസനം സാധ്യമാകണമെങ്കിൽ സംരംഭകത്വ ബോധമുള്ള ഒരു ജനത കൂടിയേ തീരൂ. വ്യവസായ രംഗത്തെ അതികായന്മാരായ KPL, KLF, KSE മുതലായ MSME മേഖലയിലെ പ്രമുഖർ ഇരിങ്ങാലക്കുടയിൽ നിന്നുള്ളവരാ ണ്. എങ്കിലും കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സംരഭകത്വബോധമുള്ളവരാക്കേണ്ട തുണ്ട്.

നിലവിൽ വ്യവസായത്തിനുള്ള ഒട്ടേറെ അനുകൂല ഘടകങ്ങൾ നമുക്ക് ഉണ്ട്.

- സ്റ്റേറ്റ് ഹൈവേ 22ന് സമീപത്ത് സ്ഥിതിചെയ്യുന്നു.
- കൊച്ചിൻ എയർപോർട്ട് വളരെ അടുത്ത് സ്ഥിതിചെയ്യുന്നു.
- റെയിൽവേ സ്റ്റേഷൻ സൗകര്യം ലഭ്യമാണ്.

എങ്കിലും വ്യവസായം തുടങ്ങുന്നതിനുള്ള അതിപ്രധാന ഘടകമാണ് വ്യവസായഭൂമിയുടെ ലഭ്യത. എന്നാൽ വ്യവസായ ഭൂമിയുടെ ദൗർലഭ്യം നമ്മെ വളരെയധികം അലട്ടുന്നുണ്ട്. നഗരപ്ര ദേശമായതിനാലും ജനസാന്ദ്രത കൂടിയ പ്രദേശമായതിനാലും എല്ലാതരം വ്യവസായങ്ങൾക്കും ഉള്ള സാഹചര്യം നമുക്കില്ല. പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾക്കാണ് മുൻതൂക്കം നൽകേ ണ്ടത്. അതുപോലെ തന്നെ വ്യവസായ വളർച്ച വിഘാതമായി നിൽക്കുന്ന മറ്റൊരു ഘടകം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റു ഗവ. ഡിപ്പാർട്ടുമെന്റുകൾ എന്നിവിടങ്ങളിൽ നിന്നും ലഭി ക്കേണ്ട അനുമതിപത്രങ്ങൾ, ലൈസൻസുകൾ എന്നിവയുടെ കാലതാമസവും നടപടിക്രമങ്ങ ളുടെ ആധിക്യവുമാണ്. നടപടിക്രമങ്ങളുടെ ആധിക്യം മൂലം പലരും സംരംഭം തുടങ്ങുവാനും അതുവഴി മെച്ചപ്പെട്ട ജീവിതം കെട്ടിപ്പടുക്കുവാനുമുള്ള മോഹം പാതിവഴിയിൽ ഉപേക്ഷിക്കുന്നു.

ഗ്രൂപ്പ് സംരംഭങ്ങൾക്കായി വകയിരുത്തിയിട്ടുള്ള പ്ലാൻ ഫണ്ടിന്റെ ശരിയായ രീതിയിലുള്ള വിനിയോഗം പലപ്പോഴും സാധ്യമാകാറില്ല. സബ്സിഡി മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഗുണ ഭോക്തൃ ഗ്രൂപ്പുകൾ ലഭ്യമാകാറില്ല എന്ന കാരണത്താൽ ഗ്രൂപ്പ് സംരംഭങ്ങൾ നടപ്പിലാക്കാൻ പലപ്പോഴും കഴിയാറില്ല. മാനദണ്ഡങ്ങൾക്കനുസരിച്ച് ഗ്രൂപ്പുകളെ കണ്ടെത്തി തുടങ്ങിയ മിക്ക വ്യവസായങ്ങളും അഞ്ചുവർഷം പൂർത്തിയാക്കുന്നതിൽ പരാജയപ്പെടുന്ന കാഴ്ചയാണ് മിക്കവാറും കാണാൻ സാധിക്കുന്നത്. വളരെ ചുരുക്കം ഗ്രൂപ്പുകൾ മാത്രമാണ് അഞ്ചുവർഷം പൂർത്തിയാക്കി വിജയിച്ചുവരുന്നതായി കാണാൻ കഴിയുന്നത്. ഗ്രൂപ്പ് സംരംഭങ്ങൾക്കായി പ്ലാൻ

ഫണ്ട് വകയിരുത്തി അതുവഴി വ്യവസായ വളർച്ച സാധ്യമാക്കാം എന്ന സ്വപ്നം സ്വപ്നമായി തന്നെ അവശേഷിക്കുന്ന കാഴ്ചയാണ് ഇന്ന് നിലവിലുള്ളത്. വ്യവസായം തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സ്രോതസ്സ്, ബാങ്ക് വായ്പ എന്നിവയും മറ്റൊരു വെല്ലുവിളിയാണ്.

## 5. ദാരിദ്ര്യ ലഘൂകരണം

ദാരിദ്ര്യ ലഘൂകരണവുമായി ബന്ധപ്പെട്ട നിരവധി പ്രൊജക്ടുകൾ ഉണ്ടെങ്കിലും ഒരു വിഭാഗം ജനങ്ങൾ ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ അടിസ്ഥാന സൗകര്യ മേഖലയിലായാലും അതിജീവന ആവശ്യങ്ങളിലായാലും ദാരിദ്ര്യം അനുഭവിക്കുന്നവരാണ്. ആശ്രയ ഒന്നാം ഘട്ട പ്രോജക്ട് നിലവിൽ ഇരിങ്ങാലക്കുട മേഖല ഉൾപ്പെടുന്ന CDS-1, പൊറത്തിശ്ശേരി മേഖല ഉൾപ്പെടുന്ന CDS-2ലും നടപ്പിലാക്കുന്നു. കൂടാതെ ആശ്രയ രണ്ടാംഘട്ട പ്രൊജക്ടിൽ നഗരസഭയിൽ 52 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ദാരിദ്ര്യ ലഘൂകരണ പ്രൊജക്ടിന്റെ ഭാഗമായി ജനകീയാസൂത്രണ പദ്ധതി വഴി ഭവന പുനരുദ്ധാരണം, ഭവനം, കക്കൂസ്, കുടിവെള്ളം തുടങ്ങിയവ നടപ്പിലാക്കുന്നുണ്ട്. ആരോഗ്യ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി ബി.പി.എൽ. വിഭാഗത്തിലെ എല്ലാ വിഭാഗങ്ങൾക്കും പരിഗണന ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ സ്ഥിരവരുമാനം ഇല്ലാത്ത കുടുംബങ്ങൾ നിരവധിയാണ്. പാർപ്പിട പദ്ധതികളിൽ ഉൾപ്പെടാത്ത കുടുംബങ്ങൾ ഇനിയും ബാക്കി നിൽക്കുന്നവയാണ്. ദാരിദ്ര്യത്തോടൊപ്പം മാരക രോഗങ്ങളും ഉണ്ടാകുന്നത് മൂലമുള്ള സാമ്പത്തിക ബാദ്ധ്യതകളും പ്രധാന വെല്ലുവിളിയായി മാറിയിട്ടുണ്ട്. മാലിന്യ പ്രശ്നം കുടിവെള്ള ലഭ്യതയില്ലായ്മ എന്നിവയും ദാരിദ്ര്യത്തിന്റെ തോതിൽ വളരെ മാറ്റം വരുത്തുന്നുണ്ട്. കൂടാതെ അവശ്യ സാധനങ്ങളുടെ വില വർദ്ധനവ് മൂലം സാധാരണക്കാരായ ജനങ്ങൾക്ക് ജീവിതം തന്നെ ചോദ്യചിഹ്നമായി മാറിക്കഴിഞ്ഞു. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, തൊഴിലിടങ്ങളിലെ അന്യസംസ്ഥാനക്കാരുടെ നുഴഞ്ഞുകയറ്റം എന്നിവയും ദാരിദ്ര്യം എന്ന പദത്തിന് കൂടുതൽ പ്രാധാന്യം നൽകിവരുന്നുണ്ട്.

## 6. സാമൂഹ്യ നീതി

ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലെ 41 വാർഡുകളിലായി 5 മുതൽ 10 വയസ്സുവരെയുള്ള ആകെ കുട്ടികൾ 8891 ആണ്. അതിൽ 0 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾ 1947 ആണ്. ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിൽ ആകെ 60 അംഗൻവാടികൾ ആണ് പ്രവർത്തിച്ചിരുന്നത്. അംഗൻവാടികൾ മുഖേന 0 മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് അമൃതം പൊടി വിതരണം ചെയ്യുന്നു. 3-6 വയസ്സു വരെയുള്ള കുട്ടികൾക്ക് പ്രീ സ്കൂൾ വിദ്യാഭ്യാസവും പോഷകാഹാരവും നൽകി വരുന്നു. ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാർ എന്നിവർക്ക് പോഷകാഹാരവും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളും നൽകി വരുന്നു. 60 അംഗൻവാടികളിൽ സ്വന്തമായി 45 എണ്ണത്തിന് സ്ഥലവും കെട്ടിടവും ഉണ്ട്. ബാക്കി 12 അങ്കണവാടികൾ വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. 3 അങ്കണവാടികൾക്ക് വാടകേതര ഇനത്തിൽ പ്രവർത്തിക്കുന്നു. 35 അങ്കണവാടികൾക്ക് വൈദ്യുതിയും, 32 എണ്ണത്തിന് ചുറ്റുമതിലും, 60 അങ്കണവാടികൾക്ക് ഗ്യാസ് കണക്ഷനും ഉണ്ട്. 15 അങ്കണവാടികൾക്ക് മാത്രമേ ആവശ്യത്തിന് ശിശുസൗഹൃദ ഫർണ്ണീച്ചർ ലഭ്യമായിട്ടുള്ളൂ.

ഇരിങ്ങാലക്കുട നഗരസഭയിൽ 60 വയസ്സിന് മുകളിലുള്ള വയോജനങ്ങൾ ആകെ 9937 ആണ്. നഗരസഭയിൽ സർക്കാർ തലത്തിൽ വൃദ്ധസദനങ്ങൾ ഇല്ല. സ്വകാര്യ വൃദ്ധസദനങ്ങൾ 3 ഇടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു പകൽവീട് നിർമ്മിച്ചിട്ടുണ്ട് എങ്കിലും പ്രവർത്തനക്ഷമമല്ല. വാർദ്ധക്യകാല പെൻഷൻ ആകെ 4059 പേർക്ക് ലഭിക്കുന്നുണ്ട്.

നഗരസഭയിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന 752 പേർ ഉണ്ട്. ഇതിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന 105 കുട്ടികൾ ഉണ്ട്. ഇവർക്കായി നഗരസഭയിൽ

സർക്കാർ തലത്തിൽ ബഡ്സ് സ്കൂളുകളോ, സ്പെഷ്യൽ സ്കൂളുകളോ പ്രവർത്തിക്കുന്നില്ല. പ്രൈവറ്റായി സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ 200 കുട്ടികളും, 18 അധ്യാപകരും ഉണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന 100 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി.

# 7. വനിതാ വികസനം

ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിൽ ആകെ ജനസംഖ്യ 66982 ആണ്. അതിൽ സ്ത്രീ ജനസംഖ്യ 34100 ആണ്. സ്ത്രീകൾ നയിക്കുന്ന കുടുംബങ്ങൾ 1711 ആണ്. വിധവകളുടെ എണ്ണം 2867ഉം, ഭർത്താവ് ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ 114ഉം, അവിവാഹിതരായ അമ്മമാർ 24ഉം, ഗുരുതര രോഗബാധിതർ 114ഉം ആണ്. സ്ത്രീശാക്തീകരണം ലക്ഷ്യംവെച്ചുകൊണ്ട് കുടുംബശ്രീ വനിതകൾക്ക് സ്വയംതൊഴിൽ പരിശീലനങ്ങൾ നൽകിവരുന്നു. തൊഴിലുറപ്പ് പദ്ധതി മുഖേന സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാക്കുവാൻ സാധിച്ചു.

അംഗൻവാടികളിലൂടെ ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, കുട്ടികൾക്കും, കൗമാരപ്രായക്കാർക്കും പോഷകാഹാര വിതരണവും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങൾക്ക് എതിരെയുള്ള ബോധവൽക്കരണ ക്ലാസ്സും നടത്തുന്നു. പെൺകുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനുവേണ്ടി യൂണിഫോം, പഠനോപകരണങ്ങൾ മുതലായവ നൽകിവരുന്നു. വനിതകൾ ഗൃഹനാഥരായി വരുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിവരുന്നു.

# 8. പട്ടികജാതി വികസനം

ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിൽ പട്ടികജാതി വിഭാഗത്തിൽ 1339 കുടുംബങ്ങളും 5687 ജനസംഖ്യയും നിലവിലുണ്ട്. പ്രധാനമായും പുലയ, വേട്ടുവ, കണക്കൻ, വേലൻ, പറയൻ എന്നീ വിഭാഗങ്ങളാണ് നിലവിലുള്ളത്. കോളനികളിലെ റോഡ്, കുടിവെള്ളം, വൈദ്യുതി എന്നിവ മെച്ചപ്പെട്ട രീതിയിലാണ്. എന്നാൽ കോളനിക്ക് പുറമേ താമസിക്കുന്നവർക്ക് കുറച്ചുകൂടെ മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ലഭിക്കേണ്ടതുണ്ട്. സർക്കാർ ജോലിക്കാരും മെച്ചപ്പെട്ട ജോലി ഉള്ളവരും താരതമ്യേന കുറവാണ്. പാർപ്പിടം, തൊഴിൽ, വിദ്യാഭ്യാസം എന്നീ മേഖലകളിൽ വളരെയധികം പുരോഗതി കൈവരിക്കേണ്ടതുണ്ട്.

# 9. ആരോഗ്യം

## ആയുർവ്വേദം

ലോകമെമ്പാടും ആരോഗ്യ പരിപാലനത്തിലും രോഗപ്രതിരോധ മാർഗ്ഗങ്ങളിലും പുതിയ അവബോധങ്ങൾ ഉരുത്തിരിഞ്ഞുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മരുന്നുകമ്പനികളുടെ ഗവേഷണങ്ങൾ ജീവിതശൈലീരോഗങ്ങൾക്കും അണുബാധ കൊണ്ടുള്ള വിവിധങ്ങളായ നിസ്സാരവും മാരകവുമായ രോഗങ്ങൾക്ക് പുതിയ പുതിയ മരുന്നുകൾ വിപണിയിൽ കൊണ്ടുവരുന്നു. ചൂടപ്പം പോലെ അവ വിറ്റുപോകുകയും ചെയ്യുന്നു. 'പ്രതിരോധമാണ് ചികിത്സയേക്കാൾ ഉത്തമം' എന്ന തിരിച്ചറിവിലേക്ക് വിവേകമുള്ള ലോകജനതയിൽ വലിയ ഒരു വിഭാഗം എത്തിക്കഴിഞ്ഞു. അതിന്റെ ഫലമാണ് ആയുർവ്വേദമടക്കമുള്ള പ്രതിരോധത്തിലൂന്നിയുള്ള തനതായ ചികിത്സാ ശാസ്ത്രത്തോട് പുതിയ തലമുറയ്ക്കുള്ള ആഭിമുഖ്യത്തിന് കാരണവും.

ഭാരതത്തിന്റെ തനതായ ചികിത്സാശാസ്ത്രമാണ് ഋഷീശ്വരന്മാർ രണ്ടായിരം വർഷം മുമ്പ് മുതൽ അസാദ്ധ്യ രോഗങ്ങളെ ചികിത്സിച്ചു മാറ്റുവാനും ആയുസ്സും ആരോഗ്യവും പ്രതിരോധശേ

ഷിയും വർദ്ധിപ്പിക്കുവാനും പ്രയോഗിച്ചുവന്നിരുന്ന ആയുർവ്വേദം. ജീവിതശൈലീരോഗങ്ങളായ പ്രമേഹം, രക്താതിമർദ്ദം, അമിതവണ്ണം, ഉയർന്ന കൊളസ്ട്രോൾ, ഹൃദ്രോഗം തുടങ്ങിയവയ്ക്ക് പാർശ്വഫലങ്ങളില്ലാത്ത അതീവ സുരക്ഷിതമായ ആയുർവ്വേദ മരുന്നുകൾ ലഭ്യമാണ്. പൊതുജനങ്ങളിൽ ഒരു വലിയ വിഭാഗംപേർ മേൽ രോഗങ്ങൾക്കും ആധുനിക ചികിത്സാരീതികൊണ്ട് ചികിത്സ വിഫലമായിത്തീരുന്ന ഒട്ടനവധി രോഗങ്ങൾക്കും ആയുർവ്വേദത്തെ ആശ്രയിക്കുന്നു. രോഗിയുടെ ശരീരമനസ്സുകൾക്ക് തുല്യ പ്രാധാന്യം നൽകുന്ന ഈ ചികിത്സാരീതിയുടെ ഗുണഫലം അനുഭവിച്ചവർ ഇത് ഉപേക്ഷിക്കുകയുല്ലതാനും.

കേരളത്തിലെ സർക്കാർ സംവിധാനത്തിനു കീഴിൽ എണ്ണൂറോളം ഗവ. ആയുർവ്വേദ ഡിസ്പെൻസറികളുണ്ട്. ഇവയ്ക്കു കീഴിൽ വിദഗ്ദ്ധരായ ഡോക്ടർമാർക്കിടയിൽ ചികിത്സ തേടിയെത്തുന്ന പതിനായിരക്കണക്കിന് രോഗികളുണ്ട്. മരുന്നും ചികിത്സയും പൂർണ്ണമായും സൗജന്യവുമാണ്. ഒരു വർഷം ഈ സ്ഥാപനങ്ങളിൽ ചികിത്സ തേടിയെത്തുന്ന രോഗികളുടെ എണ്ണം പത്ത് ലക്ഷത്തിലധികമാണ്.

ഗവ. ആയുർവ്വേദ ഡിസ്പെൻസറി, പൊറത്തിശ്ശേരിയിലെ കണക്ക് മാത്രം നോക്കിയാൽ 2017 വർഷം ജനുവരി മാസത്തിൽ ഈ സ്ഥാപനത്തിൽ ചികിത്സ തേടിയെത്തിയ രോഗികളുടെ എണ്ണം സ്ഥാപനത്തിലെ നോമിനൽ രജിസ്റ്റർ പ്രകാരം 1736 പേർ ആണ്. ഇതിൽ പുരുഷന്മാർ 483, സ്ത്രീകൾ 231 എന്നിങ്ങനെയാണ് കണക്ക്. കഴിഞ്ഞ ഒരു വർഷം സാമ്പത്തിക വർഷത്തിൽ മാത്രം ഇവിടെ ചികിത്സ തേടിയ രോഗികളുടെ എണ്ണം അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരം 15806 പേരാണ്. പൊതുജനാരോഗ്യ രംഗത്ത് ആയുർവ്വേദത്തിന്റെ സേവനം എത്ര വിലപ്പെട്ടതാണെന്നറിയാൻ ഈ ഒരു കണക്ക് മാത്രം മതിയാവും.

## ഹോമിയോ

ഇരിങ്ങാലക്കുട ശ്രീ കൂടൽമാണിക്യം ക്ഷേത്രത്തിനരികെ കണ്ഠേശ്വരം എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഹോമിയോ ഗവ. ഡിസ്പെൻസറി ശരാശരി 80നടുത്ത് രോഗികളെ ദിനംപ്രതി പരിചരിച്ചുകൊണ്ടിരിക്കുന്നു. ആരോഗ്യപ്രശ്നങ്ങൾക്കുള്ള മരുന്ന് വിതരണം, പരിശോധന, മാനസിക-ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള സഹായം, പകർച്ചവ്യാധി പ്രതിരോധ മരുന്ന് വിതരണം, മെഡിക്കൽ ക്യാമ്പുകൾ, പ്രതിരോധമരുന്ന് വിതരണ ക്യാമ്പുകൾ, വൃദ്ധസദന സന്ദർശനവും മരുന്ന് വിതരണവും, അങ്കൻവാടികൾ സന്ദർശനം, വിവിധ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തൽ, ഹോമിയോപ്പതി ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള വിവിധ സ്ത്രീ, കൗമാര വിഭാഗങ്ങളുടെ ഉന്നത ചികിത്സയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങി അനവധി സേവനങ്ങൾ ഈ സ്ഥാപനത്തിൽ നിന്നും ആബാലവൃദ്ധം ജനങ്ങളും അനുഭവിച്ചുവരുന്നു. മുനിസിപ്പാലിറ്റിയുടെ പടിഞ്ഞാറൻ മേഖലയുടെ ഉന്നമനത്തിന് ഏറെ സഹായകരമായ 2 സർക്കാർ സ്ഥാപനങ്ങളാണ് ഹോമിയോ ഗവ. ഡിസ്പെൻസറിയും, KSRTC ഓപ്പറേറ്റിംഗ് സെന്ററും എന്നാൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഈ സ്ഥാപനത്തിന്റെ സേവനം മുഴുവനായും ജനങ്ങളിലേക്കെത്തിക്കുന്നതിന് തടസ്സമാണ്. ഡിസ്പെൻസറിയുടെ കെട്ടിടത്തിന്റെ സ്ഥലപരിമിതി, രോഗികളുടെ കാത്തിരിപ്പ് കേന്ദ്രം, മുലയൂട്ടൽ മുറി, മരുന്ന് സൂക്ഷിക്കുന്നതിനുള്ള സ്റ്റോർ, അലമാരയുടെ കുറവ്, പ്രദേശത്തേക്കുള്ള ബസ്സ് സർവ്വീസുകളുടെ കുറവ് എന്നിവയാണ് സ്ഥാപനം നേരിടുന്ന പ്രധാന വെല്ലുവിളികൾ. നിലവിൽ മുനിസിപ്പാലിറ്റി കെട്ടിടത്തിൽ പരിമിതമായ സൗകര്യത്തോടെ KSRTC കെട്ടിടത്തിന്റെ ഒരറ്റത്താണ് ഗവ. ഹോമിയോ ഡിസ്പെൻസറി സ്ഥിതിചെയ്യുന്നത്. സാമൂഹ്യവിരുദ്ധരുടെ ഇടപെടൽ ഒഴിവാക്കുന്നതിനുള്ള മതിലും ഗെയ്റ്റും ആവശ്യമാണ്.

## പ്രാഥമിക ആരോഗ്യകേന്ദ്രം

പൊറത്തിശ്ശേരി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിലവിൽ സ്ഥലസൗകര്യം വളരെ കുറവാണ്. നിലവിൽ ഗർഭിണികളുടെയും കുട്ടികളുടെയും കുത്തിവയ്പ്പുകൾ നടത്തുന്നത് ലാബ്

ആവശ്യത്തിനായി നിർമ്മിച്ച മുറിയിലാണ്. പൊതുവായ എല്ലാ ആവശ്യങ്ങൾക്കും ഈ മുറി ഉപയോഗിക്കുന്നതിനാൽ കുത്തിവയ്പ് സുരക്ഷിതമായി നടത്തുന്നതിന് ഒരു മുറി അത്യാവശ്യമാണ്. സ്ത്രീജനങ്ങൾക്ക് യൂണിഫോം മാറുന്നതിനും കൂടാതെ ബ്ലീച്ചിംഗ് പൗഡർ സൂക്ഷിക്കുന്നതിനുമുള്ള സൗകര്യവും പരിമിതമാണ്. ആയതിനുള്ള സൗകര്യം ഒരുക്കുകയും വേണം. ആശ കോൺഫറൻസ്, സ്റ്റാഫ് കോൺഫറൻസ്, പരിശീലന പരിപാടികൾ എന്നിവ നടത്തുന്നതിനും സ്ഥലപരിമിതികളുണ്ട്.

നിലവിൽ നഗരസഭ ഒരു പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ നടത്തിയിട്ടില്ലാത്തതും, ക്യാബിനുകൾ തിരിച്ചിട്ടില്ലാത്തതുമാണ്. കൂടാതെ പ്രധാന കെട്ടിടത്തിൽ നിന്നും പ്രവേശനമില്ലാത്തതും ടോയ്ലറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ലാത്തതുമാണ്. ഇത്തരം പ്രവൃത്തികൾ അടിയന്തിരമായി നടപ്പാക്കി ഈ സ്ഥാപനത്തിന് കൈമാറിത്തരികയാണെങ്കിൽ സ്ഥലപരിമിതി ഒരു പരിധി വരെ മറികടക്കാവുന്നതാണ്.

## ജനറൽ ഹോസ്പിറ്റൽ

കേരളം ജീവിതശൈലീരോഗങ്ങളുടെ കേന്ദ്രമായി മാറുകയും നിയന്ത്രണത്തിലാക്കിയെന്ന് നമ്മൾ കരുതിയ പല പകർച്ചവ്യാധികളും ശക്തമായി തിരിച്ചുവരികയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ കാലഘട്ടത്തിനനുയോജ്യമായ രീതിയിൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

മുകുന്ദപുരം താലൂക്കിലെ മനവലശ്ശേരി, ഇരിങ്ങാലക്കുട, മാടായിക്കോണം വില്ലേജുകൾ ഉൾപ്പെടുന്നതാണ് ഇരിങ്ങാലക്കുട നഗരസഭ പ്രദേശം. മൊത്തം 41 വാർഡുകളിലെ 20 വാർഡുകൾ പൊറത്തിശ്ശേരി പ്രഥമിക ആരോഗ്യകേന്ദ്രത്തിനു കീഴിലും, 21 വാർഡുകൾ ഏകദേശം 39000 ഓളം ജനങ്ങൾ ജനറൽ ആശുപത്രിയുടെ പി.പി. യൂണിറ്റിന്റെ പ്രവർത്തന മേഖലയുമാണ്.

ഇവിടെ ആരോഗ്യ മേഖലയിൽ നഗരസഭയ്ക്കു കീഴിൽ ഇരിങ്ങാലക്കുട ജനറൽ ആശുപത്രി, ആയുർവ്വേദ ആശുപത്രി, ഹോമിയോ ക്ലിനിക്, കൂടാതെ വെറ്ററിനറി ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ മേഖലയിൽ മൂന്ന് ആശുപത്രികളും നിരവധി ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.

ഇരിങ്ങാലക്കുട നഗരഹൃദയഭാഗത്ത് അഞ്ചര ഏക്കർ വിസ്തൃതിയിൽ സ്ഥിതിചെയ്യുന്ന ജനറൽ ആശുപത്രിയിൽ ദിനംപ്രതി ആയിരത്തിനും രണ്ടായിരത്തിനും ഇടയിൽ ചികിത്സയ്ക്കും രോഗപ്രതിരോധത്തിനായും എത്തുന്നു. ഈ ആശുപത്രിയിൽ 216 ബെഡുകളാണ് ഇപ്പോഴുള്ളത്. അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, അത്യാഹിത വിഭാഗം, OPD, IPD, Pharmacy, Labiratory, RNTCP, ECG, Digital X-ray, PP Unit, NLEP, Pain & Paliative care Unit, Labour Room, ICTC, RSBY, Blood Bank തുടങ്ങിയ സംവിധാനങ്ങളും Outpatient Speciality കളിലായി General Medicine, General Surgery, Gynacology, Dental & Oral Medicine, Orthopedic, Pediatric, Dermetology, ENT, Opthalmology, Psychatry ഇവയ്ക്കു പുറമേ NCD Clinic, Mental Health Clinic, Filaria Clinic എന്നീ വിഭാഗങ്ങളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. Mortury, Ambulance Service എന്നിവ ഇവിടെ സജ്ജമാണ്.

മുനിസിപ്പാലിറ്റിയിലെ പി.പി. യൂണിറ്റിന്റെ പരിധിയിൽ 20 സൈറ്റുകളിലായി 350ഓളം തൊഴിലാളികളുണ്ട്. മലേറിയ, ലെപ്രസി അടക്കമുള്ള പകർച്ചവ്യാധികൾ ഈ തൊഴിലാളികളിൽ കണ്ടുവരുന്നതിനാൽ സ്ഥിരമായി ഇവരെ സ്ക്രീൻ ചെയ്ത് ചികിത്സ കൊടുക്കുന്നതിനുള്ള സംവിധാനവും ബോധവൽക്കരണ ക്ലാസ്സും നടത്തുന്നതിനുള്ള സൗകര്യവും ലഭ്യമാക്കേണ്ടതാണ്.

പ്രശസ്തമായ ഒട്ടനവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടുന്ന നഗരസഭയിൽ 3 ഗവണ്മെന്റ് സ്കൂളുകളും, 8 അൺ എയ്ഡഡ് സ്കൂളുകളും, 1 സ്പെഷ്യൽ സ്കൂളും, 29 അംഗൻവാടികളും പ്രവർത്തിക്കുന്നുണ്ട്. 2 അൺ എയ്ഡഡ് കോളേജുകളും, 5 സ്വകാര്യ കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ മൊത്തം 25000ത്തോളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഇവയ്ക്ക് ബോധവൽക്കരണ ക്ലാസ്സുകളും സ്ക്രീനിംഗ് ക്യാമ്പുകളും നടത്തേണ്ടതുണ്ട്.

# 10. ശുചിത്വം, മാലിന്യ സംസ്ക്കരണം

ഇരിങ്ങാലക്കുട നഗരസഭ മാലിന്യ സംസ്ക്കരണം, ശുചിത്വം എന്നീ കാര്യങ്ങളിൽ മുന്നേറിയിട്ടുണ്ടെങ്കിലും നഗരസഭയുടെ ഭൂരിഭാഗം പ്രദേശങ്ങളും ഇപ്പോഴും ഇക്കാര്യത്തിൽ ബഹുദൂരം മുന്നേറുവാനുണ്ട്. ടൗണും ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽ നിന്നും മാലിന്യം നീക്കംചെയ്യുന്നുണ്ടെങ്കിലും അത് ശരിയായ രീതിയിൽ സംസ്ക്കരിക്കുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങൾ അവലംബിച്ചിട്ടില്ലാത്തതിനാൽ നമ്മുടെ നഗരസഭ ഇപ്പോഴും ശൈശവാവസ്ഥയിൽ തന്നെയാണ്. ജൈവ മാലിന്യങ്ങളും, അജൈവ മാലിന്യങ്ങളും കുറ്റമറ്റ രീതിയിൽ ശേഖരിച്ച് തരംതിരിക്കുകയും, ജൈവ മാലിന്യങ്ങൾ ശാസ്ത്രീയ രീതിയിൽ സംസ്ക്കരിച്ച് വളമാക്കുകയും, പ്ലാസ്റ്റിക്, ഇലക്ട്രിക്, ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്ക്കരിക്കുകയോ, ഗവ. ഏജൻസികൾക്ക് ഫലപ്രദമായി കൈമാറുകയോ ചെയ്യേണ്ടതുണ്ട്. ജൈവവളം ഉല്പാദിപ്പിക്കുന്നതിന് ഇപ്പോഴും ശരിയായ മാർഗ്ഗങ്ങൾ സ്വീകരിക്കാത്തത് ഒരു പോരായ്മയാണ്. പ്ലാസ്റ്റിക്, ഇ-വേസ്റ്റ് എന്നിവ തരംതിരിച്ച് ശേഖരിക്കുവാൻ സാധിക്കാത്തത് മാലിന്യ സംസ്ക്കരണത്തിന് ഇപ്പോഴും വെല്ലുവിളിയാണ്. മാലിന്യ സംസ്ക്കരണത്തെ സംബന്ധിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നുണ്ടെങ്കിലും വീടുകളിൽ വൃത്തിയായി സൂക്ഷിക്കുന്ന പ്ലാസ്റ്റിക്, ഇ-വേസ്റ്റ് എന്നിവ ശേഖരിക്കുന്നതിനു പോലും സംവിധാനം ഏർപ്പെടുത്താത്തത് പോരായ്മയായി വിലയിരുത്തപ്പെടുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ മറ്റ് ചപ്പുചവറുകൾക്കൊപ്പമോ, അല്ലാതെയോ കത്തിക്കുന്നതുവഴി അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കുന്നതിനോടൊപ്പം തന്നെ മാരക രോഗങ്ങൾക്ക് വഴിവയ്ക്കുകയും ചെയ്യുന്നു.

ഗാർഹിക മാലിന്യ സംസ്ക്കരണത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ നൽകിയിട്ടുണ്ടെങ്കിലും വളരെ ചെറിയ ശതമാനം കുടുംബങ്ങൾക്ക് മാത്രമേ ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുള്ളൂ. ഗാർഹിക മാലിന്യ സംസ്ക്കരണത്തിന് ജനങ്ങൾ തയ്യാറാകാത്തതു മൂലം പുറംതള്ളുന്ന മാലിന്യത്തിന്റെ അളവ് വർദ്ധിക്കുകയും നഗരസഭയ്ക്ക് ഇത് അധിക ബാദ്ധ്യതയായി മാറുകയും ചെയ്യുന്നു. നഗരസഭാ തലത്തിൽ ജൈവമാലിന്യം, പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, കെട്ടിട നിർമ്മാണ വേസ്റ്റുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിന് നിലവിലെ ആധുനിക സാങ്കേതികവിദ്യകൾ സ്വീകരിച്ചെങ്കിൽ മാത്രമേ മാലിന്യ സംസ്ക്കരണത്തിൽ ഒരളവ് വരെ പരിഹാരം കാണുന്നതിന് സാധിക്കുകയുള്ളൂ. ജലാശയങ്ങളിലേക്ക് ഒഴുകിയെത്തുന്ന മലിനജലം ജലാശയങ്ങളെ മലിനമാക്കുന്നതിന് പുറമേ കുടിവെള്ളത്തിന്റെ ലഭ്യത കുറയ്ക്കുകയും, മലിനജലം കുടിവെള്ളത്തിൽ കലരുന്നതു വഴി രോഗങ്ങൾ വരാനുള്ള സാഹചര്യം സൃഷ്ടിക്കുന്നു. മലിനജലം ട്രീറ്റുചെയ്യുന്നതിന് ട്രീറ്റുമെന്റ് പ്ലാന്റുകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. കേരളത്തിലെ പ്രധാന പട്ടണങ്ങളിൽ തന്നെ ഇതിനുള്ള സംവിധാനം ഇല്ലാത്ത അവസ്ഥയിലാണ്. കൂടുതൽ സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുമെന്നതിനാലും പുറമേ നിന്നുള്ള സാമ്പത്തിക-ശാസ്ത്രീയ മാർഗ്ഗങ്ങൾ ആവശ്യമാണ്.

മാലിന്യ സംസ്ക്കരണ മാർഗ്ഗങ്ങൾ സ്വീകരിക്കുക വഴി ജനങ്ങളുടെ ശുചിത്വബോധം ഉയരുകയും ആരോഗ്യ നിലവാരം ഉയരുകയും താഴുകയും ചെയ്യും. മത്സ്യ-മാംസത്തിന്റെ ശുചിത്വ നിലവാരം ഉയർത്തുന്നതിന് ആധുനിക രീതിയിലുള്ള അറവുശാല, മാർക്കറ്റ് എന്നിവ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. ടി സ്ഥലങ്ങളിൽ മലിനീകരണ നിയന്ത്രണ മാർഗ്ഗരേഖകൾ അനുസരിച്ചുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും സ്റ്റാളുകൾ അതിനായി സജ്ജീകരിക്കുകയും ചെയ്യേണ്ടതുണ്ട്. കുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പാക്കുന്നതിന് നഗരപ്രാന്ത പ്രദേശങ്ങളിൽ കിണർജലം വ്യാപകമായി ഉപയോഗിക്കുന്നതിനാൽ കിണറുകൾ വൃത്തിയാക്കി സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്. വേനൽക്കാലത്ത് കുടിവെള്ളത്തിന് ലഭ്യത കുറയുന്ന അവസരങ്ങളിൽ ജലക്ഷാമത്തിന് കിണറുകൾ പരിഹാര മാർഗ്ഗമാകുന്നതാണ്. എന്നാൽ പൊതു കിണറുകൾ പോലും വൃത്തിയാക്കി സംരക്ഷിക്കാത്തത് വേനൽക്കാലത്ത് കുടിവെള്ള ക്ഷാമത്തിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നു. വീടുകൾ, കച്ചവട സ്ഥാപനങ്ങൾ, വ്യവസായ ശാലകൾ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ജലാശയങ്ങളിലേക്ക് ഒഴുക്കിവിടുന്ന മലിനജലം നമ്മുടെ ജലസ്രോതസ്സുകളെ കൂടുതൽ മലിനമാക്കുകയും വരുംകാലങ്ങളിൽ ശുദ്ധജല ലഭ്യത ഇല്ലാതാക്കുകയും ചെയ്യുന്നു. ഇത് മാനവരാശിയുടെ ഉന്മൂലനത്തിന് തന്നെ ഇടവരുത്തുന്നതായിരിക്കും.

# 11. വിദ്യാഭ്യാസം, കല, കായികം, സംസ്ക്കാരം, യുവജനക്ഷേമം

ഇരിങ്ങാലക്കുട നഗരസഭയുടെ കീഴിൽ ഗവ. വിഭാഗത്തിൽ LP, UP, HS, HSS, VHSE വിഭാഗങ്ങളിലായി 9 സ്കൂളുകളാണ് നിലവിലുള്ളത്. ഇരിങ്ങാലക്കുട ഗവ. മോഡൽ ബോയ്സിൽ ഹൈസ്ക്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗവും, ഇരിങ്ങാലക്കുട ഗവ. ഗേൾസ് സ്കൂളിൽ എൽ.പി., ഹൈസ്ക്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗവും, മുകുന്ദപുരം എൽ.പി. സ്കൂൾ, ചാത്തൻമാസ്റ്റർ ഗവ. യു.പി. സ്കൂൾ എന്നിവ ഉൾപ്പെടുന്നു. സർക്കാർ മേഖലയിൽ ഇരിങ്ങാലക്കുട നഗരസഭയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന പത്താം ക്ലാസ്സ് വരെ പഠനം നടക്കുന്ന സ്കൂളുകൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി വിദ്യാർത്ഥികളുടെ കുറവാണ്. ഹയർസെക്കന്ററി, VHSE മേഖലയെ ഇത് കാര്യമായി ബാധിച്ചിട്ടില്ല. എങ്കിലും ഭാവിയിൽ ഈ മേഖലയേയും ഇത് ബാധിച്ചേക്കാം. ഒരു സ്ഥാപനത്തെ മികവുറ്റതാക്കുന്നത് അവിടത്തെ അക്കാദമിക് നിലവാരവും, ഇൻഫ്രാസ്റ്റക്ചർ സൗകര്യങ്ങളുമാണ്. ഒരുകൂട്ടം മികച്ച അധ്യാപകരാണ് ഈ മേഖലയിൽ വർക്ക് ചെയ്യുന്നത്. ഇവരുടെ കഠിന പരിശ്രമവും നഗരസഭയുടെ പരിപൂർണ്ണ സഹകരണവും ലഭിച്ചാൽ വലിയ ഒരു റിസൾട്ട് ഈ മേഖലയിൽ ഉണ്ടാക്കാൻ സാധിക്കുന്നതാണ്. കഴിഞ്ഞ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഇരിങ്ങാലക്കുട ഗവ. മോഡൽ ബോയ്സ് ഹയർസെക്കന്ററി, VHSE വിഭാഗങ്ങൾക്കായി പണിതുകൊടുത്ത ലാബ് കെട്ടിടം ഉൾപ്പെടെ മറ്റ് സ്ഥാപനങ്ങൾക്ക് കൂടി വലിയ ഒരു സഹായം നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. ബോയ്സ് VHSE യിലെ കെമിസ്ട്രി ലാബ് ഇന്ന് ചുറ്റുവട്ടത്തുള്ള സ്കൂളുകളെ അപേക്ഷിച്ച് നല്ല നിലവാരം പുലർത്തുന്ന ഒരു ലാബായി വിദ്യാർത്ഥികൾ ഉപയോഗിക്കുന്നു. ഇനിയും മറ്റ് മേഖലകളിലായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കേണ്ടതായിട്ടുണ്ട്. വിദ്യാഭ്യാസത്തെ പോലെ തന്നെ കല, സംസ്ക്കാരം, യുവജനക്ഷേമം എന്ന വിഭാഗം ഉൾപ്പെടുന്ന മേഖലയിലും പുരോഗതി കൈവരിക്കേണ്ടതായിട്ടുണ്ട്.

# 12. പാർപ്പിടം

PMAY പദ്ധതി പ്രകാരം സർവ്വേ നടത്തിയപ്പോൾ 862 ഭവനരഹിതർ ഉണ്ടെന്ന് കണ്ടെത്തി. അതിൽ രേഖകൾ ഹാജരാക്കിയ 184 ഗുണഭോക്താക്കൾക്ക് വീടുകൾ പണിയുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കി അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ബാക്കിയുള്ളവരെ അടുത്ത വർഷങ്ങളിൽ രേഖകൾ തയ്യാറാക്കുന്ന മുറയ്ക്ക് വീടുകൾ പണിയാൻ അനുമതി ലഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. അങ്ങനെ 5 വർഷത്തിനുള്ളിൽ മേൽപറഞ്ഞ 862 ഭവനരഹിതർക്കും ഭവനം നിർമ്മിക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കും. ഇതുകൂടാതെ വീടും സ്ഥലവുമില്ലാതെ വാടകയ്ക്ക് താമസിക്കുന്ന 800ൽപരം കുടുംബങ്ങൾ നഗരസഭാ പരിധിയിലുണ്ട്. നഗരസഭയുടെ അധീനതയിലുള്ള സ്ഥലത്ത് 450 സ്ക്വയർഫീറ്റിൽ കുറയാത്ത താമസയോഗ്യമായ ഫ്ളാറ്റോ, വീടുകളോ നിർമ്മിച്ചു നൽകണം. ടി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ഒരു കമ്മിറ്റി രൂപീകരിച്ച് മോണിറ്ററിംഗ് നടത്തണം.

# 13. കുടിവെള്ളം

നഗരസഭയിലെ പ്രധാന കുടിവെള്ള സ്രോതസ്സ് തുറന്ന കിണറുകളും, KWAയുടെ ജലവിതരണവുമാണ്. ഒട്ടേറെ ചെറിയ ചെറിയ കുടിവെള്ള പദ്ധതികളുണ്ട്. പല നടത്തിപ്പ് കമ്മിറ്റികളും വേണ്ട വിധത്തിലല്ല പ്രവൃത്തിക്കുന്നത് എന്നതിനാൽ പദ്ധതിയെ ബാധിക്കുന്നുണ്ട്. നഗരസഭയിൽ ഏകദേശം 11600 ഓളം തുറന്ന കിണറുകളും 250 കുഴൽകിണറുമുണ്ട്. പല പൊതുകിണറുകളും ഉപയോഗശൂന്യമായിക്കിടക്കുകയാണ്. കിണറുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത്

തടയിന്നതിന് പൊതുജനങ്ങളിൽ അവബോധം വളർത്തേണ്ടത് അനിവാര്യമാണ്. മാത്രമല്ല, കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളിൽപോലും മഴവെള്ള സംഭരണത്തിന് വേണ്ടത്ര പ്രാധാന്യം നൽകിക്കാണുന്നില്ല. സ്വന്തമായി പൈപ്പ് കണക്ഷൻ 7131 വീടുകളിൽ ഉണ്ട്. പൊതുടാപ്പ് 16590 എണ്ണം ഉണ്ട്. വേനൽക്കാലത്ത് ടാങ്കറിൽ കുടിവെള്ളം എത്തിക്കേണ്ട സാഹചര്യം നിലവിലുണ്ട്.

# 14. പൊതുമരാമത്ത്, ഊർജ്ജം

ഇരിങ്ങാലക്കുട നഗരസഭയിൽ പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട് ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. അടുത്ത കാലത്തായി പൊറത്തിശ്ശേരി മേഖലയെ നഗരസഭയിൽ ലയിപ്പിക്കുകയുണ്ടായി. ഈ പ്രദേശത്ത് ഈ മേഖലയിൽ കൂടുതൽ വികസനങ്ങൾ എത്തിച്ചേരേണ്ടതാണ്. നഗരസഭയിലെ സ്ഥിതിവിവര കണക്കുകൾ അനുസരിച്ച് ഏകദേശം 714 കി.മീറ്റർ ടാർ ചെയ്ത റോഡ് നിലവിലുണ്ട്. ഏകദേശം 86 കി.മീറ്ററോളം കോൺക്രീറ്റ് റോഡാണ് ഉള്ളത്. അതിനു പുറമെ 169 കി.മീറ്റർ മെറ്റലിംഗ് നടത്തിയ റോഡും, 252 കി.മീറ്റർ മണ്ണുറോഡും നഗരസഭയിലുണ്ട്.

നിലവിലുള്ള സ്ഥിതി അനുസരിച്ച് 169 കിലോമീറ്റർ ഇനിയും ടാറിംഗ് നടത്തേണ്ടതുണ്ട്. മാത്രമല്ല 252 കിലോമീറ്ററോളം വരുന്ന മണ്ണ് റോഡുകൾ പുനരുദ്ധരിച്ച് ഗതാഗതയോഗ്യമാക്കേണ്ടതും, നിലവാരം ഉയർത്തേണ്ടതുമാണ്. നിലവിലുള്ള നഗരസഭ കേന്ദ്രത്തെ ഗ്രാമീണ മേഖലയുമായി ബന്ധിപ്പിക്കുന്നതിന് ഇത് അനിവാര്യമാണ്. നഗരസഭയുടെ തെക്കൻ മേഖലയിൽ വെള്ളക്കെട്ട് ഉള്ളതുമൂലം വർഷക്കാലത്ത് ഒട്ടേറെ പ്രയാസങ്ങൾ നേരിടേണ്ടി വരുന്നു. ഇത് ഒഴിവാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്. ഉയർന്ന പ്രദേശങ്ങളിൽ മഴവെള്ളത്തിന്റെ കുത്തൊഴുക്കിൽ റോഡുകൾ തകർന്നുപോകുന്ന സ്ഥിതിവിശേഷവുമുണ്ട്. നഗരസഭയിൽ ഭാഗികമായി മാത്രമുള്ള ഡ്രെയിനേജ് സംവിധാനം അപര്യാപ്തമാണ്.

നിലവിലുള്ള ടാറിംഗ് ചെയ്ത റോഡുകളുടെ കാലാകാലങ്ങളിലുള്ള അറ്റകുറ്റപണികൾ നഗരസഭയെ സംബന്ധിച്ചിടത്തോളം ഒരു വെല്ലുവിളി തന്നെയാണ്. തനതു ഫണ്ടിന്റെ അപര്യാപ്തത ഒരു പരിധി വരെ ഇതിനെ ബാധിക്കുന്നുണ്ട്. കൂടാതെ നിലവിലുള്ള റോഡുകൾ ഭൂരിഭാഗവും വീതികുറഞ്ഞവയായതിനാൽ മറ്റു ഫണ്ടുകൾ ലഭ്യമാക്കുന്നതിന് തടസ്സം നേരിടുന്നു. വീതി കൂടിയ റോഡുകളുടെ അഭാവം രാവിലെയും വൈകീട്ടും നഗരസഭ പരിധിയിൽ കനത്ത ഗതാഗതക്കുരുക്ക് സൃഷ്ടിക്കുന്നു.

നഗരസഭയുടെ കീഴിൽ ഏകദേശം 61637 ച.മീ. വിസ്തീർണ്ണത്തിൽ വിവിധ കെട്ടിടങ്ങൾ നിലവിലുണ്ട്. സ്കൂളുകൾ, അംഗനവാടികൾ, ആശുപത്രികൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റ്, കമ്മ്യൂണിറ്റി ഹാളുകൾ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, വായനശാല, വനിതാ ക്ഷേമകേന്ദ്രങ്ങൾ, നഗരസഭയുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇവയിൽ പലതിന്റേയും അറ്റകുറ്റപണികൾ കാലാകാലങ്ങളിൽ ചെയ്യേണ്ടതുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം എന്നിവ ലഭ്യമാക്കേണ്ടതുണ്ട്.

നഗരസഭയിൽ നിലവിലുള്ള അറവുശാല പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് ആവശ്യമായ സംവിധനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. കൂടാതെ പ്രദേശ നിവാസികളുടെ എതിർപ്പിനെ മറികടക്കേണ്ടതുമുണ്ട്. മാലിന്യ സംസ്ക്കരണത്തിന് ഷഡിംഗ് യൂണിറ്റ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പൂർത്തിയായി വരുന്നു.

നഗരസഭയുടെ പരിധിയിൽപെട്ട (പഴയ ടൗൺ പ്രദേശങ്ങളിൽ) എല്ലാ ഇലക്ട്രിക് പോസ്റ്റുകളിലും തെരുവ് വിളക്ക് സ്ഥാപിച്ചിട്ടുള്ള സാഹചര്യമാണുള്ളത്. ഇത് ആവശ്യമെങ്കിൽ കൂടുതൽ ഉള്ളതായി വിലയിരുത്തേണ്ടിയിരിക്കുന്നു. ഈ ഭാഗങ്ങളിൽ ഒന്നിടവിട്ട പോസ്റ്റുകളിൽ മാത്രമായി മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. എന്നാൽ ഇനിയും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ടതായ ഒട്ടേറെ പ്രദേശങ്ങളുണ്ട്.

## 15. നഗരാസൂത്രണം

നിലവിൽ നഗരസഭയിൽ മാസ്റ്റർ പ്ലാൻ ഇല്ല. ആയതിനാൽ പ്രത്യേക മേഖലകളായി തരം തിരിച്ചിട്ടില്ല. ഓരോ മേഖലയിലും സ്വാഭാവികമായി വരുന്ന വികസനം നടപ്പിലാക്കുന്ന രീതി യാണ് കണ്ടുവരുന്നത്. റോഡുകളുടെ വികസനവും പുതിയ റോഡുകളുടെ നിർമ്മാണവും നട ക്കുമ്പോൾ ലഭ്യമാവുന്ന വീതിയിൽ നിർമ്മിക്കുക എന്ന മാനദണ്ഡമാണ് പുലർത്തുന്നത്. ആയ തിനാൽ വർദ്ധിച്ചുവരുന്ന ഗതാഗതത്തെ ഉൾക്കൊള്ളാവുന്ന വിധത്തിലല്ല റോഡുകൾ നിലവിലുള്ള ത്. നഗരസഭയിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കി അംഗീകരിച്ച് അതനുസരിച്ച് വികസന പ്രവർത്തന ങ്ങൾക്ക് മാനദണ്ഡം നിശ്ചയിക്കേണ്ടത് ഭാവി വികസനത്തിന് അനിവാര്യമാണ്.

നിലവിലുള്ള സ്ഥിതിയിൽ ഡ്രൈനേജ് സംവിധാനം വ്യത്യസ്ത ഭാഗങ്ങളിൽ ചെറിയ ചെറിയ നീളത്തിലുള്ളവയാണ്. തമ്മിൽ ബന്ധിപ്പിച്ചവയോ, ഒരു നെറ്റ്വർക്ക് ആയി മലിനജലം കൈകാര്യം ചെയ്യാനോ കഴിയില്ല.

## അദ്ധ്യായം - 2

# പ്രശ്നവിശകലനവും പ്രശ്നപരിഹാര സാദ്ധ്യതകളും

## പൊതുഭരണം

2019-20 വർഷത്തിൽ ഈ മേഖലയിൽ ഏറ്റെടുത്ത് നടത്തിയ പ്രോജക്ടുകളെ വിലയിരുത്തുമ്പോൾ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സദ്ഭരണം നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

2012-13ൽ ആരംഭിച്ച മുനിസിപ്പൽ ഓഫീസ് സോളാർ പാനൽ ഉപയോഗിച്ച് വൈദ്യുതി ഉല്പാദനം എന്ന പ്രോജക്ടിന് 50,00,000 രൂപയാണ് ചെലവഴിക്കപ്പെട്ടത്. നിലവിൽ അതിന്റെ ഗുണഫലങ്ങൾ ലഭിക്കുന്നുണ്ട്. ഓഫീസ് പ്രവർത്തനത്തിന് കെ.എസ്.ഇ.ബി.യുടെ വൈദ്യുതി ഒഴിവാക്കാൻ കഴിയുന്നുണ്ട്.

ജനന-മരണ രജിസ്ട്രേഷൻ പാസ്റ്റ് ഡാറ്റ എൻട്രി എന്ന പ്രോജക്ട് 2017-18ൽ പൂർത്തീകരിച്ചതിലൂടെ ജനന-മരണ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിട്ടുണ്ട്. ഓഫീസ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി വരുന്നു.

## 2. കൃഷിയും അനുബന്ധ മേഖലകളും

കുളങ്ങളും തോടുകളും കൈയ്യേറ്റം ഒഴിപ്പിച്ചും മാലിന്യം നീക്കിയും പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. കൂടാതെ പാടം നികത്തുന്നതും കുന്നുകൾ ഇടിക്കുന്നതും പൂർണ്ണമായും തടയണം. ഭൂഗർഭ ജലസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് മഴക്കുഴി നിർമ്മാണം, കിണർ റീചാർജ്ജിംഗ്, തോടുകളിൽ തടയണ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തണം. കരുവന്നൂർ പുഴയിലെയും കെ.എൽ.ഡി.സി. കനാലിലേയും വെള്ളം ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ സ്ഥാപിക്കുകയും എല്ലാ കാർഷിക മേഖലയിലും ജലസമൃദ്ധി ഉറപ്പുവരുത്തുകയും വേണം. കോൾപാടങ്ങളിൽ കുടുതൽ സമയം വെള്ളം കെട്ടിനിർത്തുന്നതിനുള്ള നടപടി ഉണ്ടാകണം. കെ.എൽ.ഡി.സി., ഷണ്മുഖം കനാലുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ വേണം.

വിത്തിനും വളത്തിനും തൈകൾക്കും സബ്സിഡി നൽകിക്കൊണ്ട് ഉല്പാദന ചെലവ് കുറയ്ക്കുന്നതിന് സാധിക്കും. യന്ത്രവൽക്കരണം കൂടുതൽ ശക്തിപ്പെടുത്തുകയും തൊഴിൽസേനകൾ രൂപീകരിക്കുകയും ചെയ്തുകൊണ്ട് തൊളിലാളി ക്ഷാമം പരിഹരിക്കണം. വിളസംഭരണം കൂടുതൽ വിളകളിലേക്ക് വ്യാപിപ്പിക്കുകയും ഉല്പാദന ബോണസ്സ് വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് കർഷകർക്ക് മികച്ച വരുമാനം ലഭിക്കാനുള്ള സാഹചര്യം ഒരുക്കേണ്ടതുണ്ട്. കാർഷിക ഉല്പന്നങ്ങൾ മൂല്യവർദ്ധനവ് വരുത്തി വിപണിയിലിറക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകണം.

ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് അപ്രകാരം ലഭിക്കുന്ന ജൈവ വളം ഉപയോഗിച്ച് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കണം. വീട്ടുവളപ്പിലേയും മട്ടുപ്പാവിലേയും പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകണം. തരിശിടുന്ന ഭൂമികൾ ഏറ്റെടുത്ത് കൃഷിയിറക്കുവാൻ കർഷക സംഘങ്ങൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും ആവശ്യമായ സഹായം ചെയ്യണം. ഇപ്രകാരം വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് തരിശുരഹിത നഗരസഭയെന്ന സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ കഴിയണം.

## 3. മൃഗസംരക്ഷണം

- പാൽവിലയുടെ അപര്യാപ്തത : ഉല്പാദന ചിലവുമായി താരതമ്യപ്പെടുത്തുമ്പോൾ 365 ദിവസവും ഈ മേഖലയിൽ പ്രയത്നിച്ചുകൊണ്ടിരിക്കുന്ന ക്ഷീരകർഷകന് ലഭിക്കുന്ന ലാഭവും വളരെ തുച്ഛമാണ്.
- തീറ്റവസ്തുക്കളുടെ വർദ്ധിച്ചുവരുന്ന വിലയും ലഭ്യതക്കുറവും : പാൽ വിലയെ ചുവടുപിടിച്ച് ക്രമാതീതമായി വർദ്ധിച്ചുവരുന്ന തീറ്റ ചിലവ്. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവും, കൂടിയ വിലയും പ്രതികൂല സാഹചര്യവും ഉളവാക്കുന്നു.
- വിപുലമായ രീതിയിൽ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ആവശ്യമായ തൊഴിലാളികളുടെ ലഭ്യതയും ചിലവും ഈ മേഖലയിലെ ഒരു പ്രധാന പ്രശ്നമാണ്.
- അത്യുല്പാദനശേഷിയുള്ള ഉരുക്കളുടെ രോഗപ്രതിരോധശേഷി കുറവായതിനാൽ നാശങ്ങളും, നഷ്ടങ്ങളും ചികിത്സയ്ക്കായി വരുന്ന ചിലവും ഏറെയാണ്. കർഷകന് ഈ ദുരിതത്തിൽ നിന്നും സാന്ത്വനം നൽകുന്ന ഇൻഷൂറൻസ് പദ്ധതികൾ (സബ്സിഡിയോടുകൂടിയത്) മതിയായവയല്ല.
- പ്രതികൂലമായിട്ടുള്ള കാലാവസ്ഥാ വ്യതിയാനങ്ങളും അവയെ തരണംചെയ്യാൻ വേണ്ടിവരുന്ന സൗകര്യങ്ങളുടെ ലഭ്യതക്കുറവും, ചിലവും ഈ മേഖലയെ പ്രതികൂലമായി ബാധിക്കുന്നു.
- ദുഷ്കരമായ നിയമവ്യവസ്ഥകൾ അനുശാസിക്കുന്ന നിബന്ധനകളെ പ്രാവർത്തികമാക്കുവാൻ വേണ്ടിയുള്ള സാമ്പത്തികശേഷിയോ, അറിവോ ഈ മേഖലയിൽ നിന്ന് പിൻതിരിയുവാൻ നിർബന്ധിതരാക്കുന്നു. പ്രതികൂലമായ സബ്സിഡി നിയമങ്ങളും പ്രധാന പങ്ക് വഹിക്കുന്നു. തീറ്റപുൽകൃഷി സ്വന്തമായ രീതിയിൽ കൃഷി ചെയ്യാൻ സ്ഥലസൗകര്യമില്ലാത്തവർക്ക് ആശ്രയിക്കാൻ മറ്റ് സംവിധാനങ്ങൾ ഒന്നുംതന്നെ നിലവിലില്ല.
- കോഴിമുട്ട ഉല്പാദനം: ലാഭം കുറവായതിനാൽ കൂടുതൽ കർഷകർ ഈ മേഖലയിൽ ഏർപ്പെടുന്നില്ല. എന്നാൽ ഇറച്ചിക്കോഴി ഉല്പാദനം മതിയായ ലാഭം പ്രധാനം ചെയ്യുന്നതിനാൽ കർഷകർ ഈ മേഖലയിലെ പ്രവർത്തനം തുടരുന്നു.
- ആട് വളർത്തൽ ലാഭകരം ആയതിനാൽ ഈ പ്രതികൂല സാഹചര്യത്തിലും മതിയായ തോതിൽ കർഷകർ ഈ സംരംഭത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. പരിമിതമായ സ്ഥലസൗകര്യവും തീറ്റവസ്തുക്കളും മാത്രം ആവശ്യമുള്ളതിനാൽ ഇതിന് കഠിനാദ്ധ്വാനം താരതമ്യേന കുറവായതിനാലും, നല്ലയിനം ആടുകളുടെ ലഭ്യതയും ഈ മേഖലയിൽ നിലനിന്നുപോകുന്നതിനു സഹായിക്കുന്നു.
- മറ്റ് ഉപാധികൾ ഒന്നും ഇല്ലാത്തതിനാൽ ക്ഷീരമേഖലയെ ആശ്രയിച്ചിരുന്ന കർഷകർ ലാഭം കുറഞ്ഞതിനാൽ അനുബന്ധ പ്രവർത്തനമായ മാംസാവശ്യത്തിനുള്ള പോത്തിൻകുട്ടികളെ വളർത്തുന്നതിൽ സജീവമായി ഏർപ്പെട്ടുതുടങ്ങിയിട്ടുണ്ട്.

## 4. പ്രാദേശിക സാമ്പത്തിക വികസനം

### (ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ സഹകരണം മുതലായവ)

വ്യവസായം തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യവസായഭൂമി ഏറ്റെടുക്കണം. നിലവിൽ വ്യവസായ ഭൂമി ഉണ്ടെങ്കിൽ അത്തരം ഭൂമി വ്യവസായ ആവശ്യത്തിനായി മാത്രം ഉപയോഗിക്കണം. നിലവിലുള്ള വ്യവസായ ഭൂമിയിലോ, ഏറ്റെടുത്ത വ്യവസായ ഭൂമിയിലോ വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കണം. സ്ഥലദൗർലഭ്യം മൂലം വ്യവസായ സമുച്ചയങ്ങൾക്കു (Multistried Industrial Sala) മാത്രമേ വരുംതലമുറയ്ക്ക് കൂടുതൽ വ്യവസായങ്ങളും അതുവഴി തൊഴിൽ അവസരങ്ങളും വാഗ്ദാനം ചെയ്യാൻ കഴിയൂ. വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് പരിസ്ഥിത സൗഹൃദ വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ ആളുകളെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ നമുക്ക് ആകും.

PPP (Public Private Partnership) മോഡൽ ഇൻക്യുബേഷൻ സെന്ററുകൾ തുടങ്ങാനായാൽ വ്യവസായ മേഖലയ്ക്ക് ഒരു മുതൽക്കൂട്ടാകും.

വിവിധ ഗവ. സ്ഥാപനങ്ങളിൽ നിന്നും അനുമതിപത്രങ്ങൾ ലഭിക്കുന്നതിനുള്ള ക്രമങ്ങളുടെ ലഘൂകരണം മറ്റൊരു പ്രധാന ആവശ്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന D&O Licence ന്റെ കാലാവധി അഞ്ചുവർഷമാക്കിയാൽ വ്യവസായ വളർച്ചയ്ക്ക് വിഘാതം നിൽക്കുന്ന ഒരുപാട് ഘടകങ്ങൾ ഇല്ലാതാകും.

ബാങ്ക് വായ്പ ലഭിക്കുന്നതിന് അകാരണമായ കാലതാമസം അനുഭവപ്പെടുകയാണെങ്കിൽ BLBC Meeting കളിൽ (ബ്ലോക്ക് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി) തദ്ദേശ സ്വയംഭരണ പ്രതിനിധികൾ കൂടി പങ്കെടുക്കുന്നത് പ്രശ്ന പരിഹാരം സുഗമമാക്കാൻ സാധിക്കും. ഇത്തരം സംരംഭങ്ങൾക്ക് ഗവ. സബ്സിഡികളായ ESS, PMEGP എന്നീ ഗ്രാന്റുകളും ലഭ്യമാക്കാൻ സാധിക്കും.

## 5. ദാരിദ്ര്യ ലഘൂകരണം

- ദാരിദ്ര്യത്തിന്റെ തോത് കുറയ്ക്കുന്നതിന് ഓരോ കുടുംബങ്ങളിലും ഒരംഗത്തിനെങ്കിലും സ്വയം തൊഴിൽ ഉറപ്പാക്കുന്ന രീതിയിൽ പ്രൊജക്ടുകൾ കുടുംബശ്രീ വഴി നടപ്പിലാക്കണം.
- നിലവിലുള്ള ഭവന പദ്ധതികളിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കളെ അടിയന്തിരമായി കണ്ടെത്തി തുടർ നടപടി സ്വീകരിക്കണം.
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് കുടിവെള്ളസംഭരണികൾ ലഭ്യമാക്കുക.
- ആശ്രയ അഗതി പുനരധിവാസ പദ്ധതിയിലെ അർഹരായ ഗുണഭോക്താക്കൾക്ക് പ്രത്യേക പരിഗണനയിൽപെടുത്തി ഭവനം, ആരോഗ്യ പരിരക്ഷ എന്നിവ ഉറപ്പുവരുത്തണം. പട്ടികയിൽ ഉൾപ്പെടാത്ത അർഹതയുള്ള കുടുംബങ്ങളെ ഉൾക്കൊള്ളിക്കുന്ന പ്രൊജക്ട് നടപ്പിലാക്കുക.
- അഗതി കുടുംബങ്ങൾക്ക് സാമൂഹ്യ സുരക്ഷ പെൻഷനുകളിൽ ഉൾപ്പെടുന്നതിന് പ്രത്യേക പരിഗണന.
- 65 വയസ്സ് മുതലുള്ള അഗതികൾക്ക് AAY പദ്ധതി വഴി ഭക്ഷ്യധാന്യം സൗജന്യമായി നൽകുക.
- അയ്യങ്കാളി തൊഴിൽദാന പരിപാടികളിൽ അഗതികളെ പ്രത്യേക പരിഗണന നൽകി പങ്കെടുപ്പിക്കുന്നതിനും വേതനം ലഭിക്കുന്ന തൊഴിലും ഭക്ഷ്യധാന്യവും ഉൾപ്പെടുത്തുക.
- മൃഗസംരക്ഷണം ഉപജീവനമായി നടത്തുന്നവർക്ക് അതുമായി ബന്ധപ്പെട്ട സാമ്പത്തിക സഹായം നൽകുക.
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിത കുടുംബനാഥയായിട്ടുള്ള കുടുംബങ്ങൾക്ക് പ്രോജക്ടുകളിൽ പ്രത്യേക പരിഗണന നൽകുക. ബി.പി.എൽ. കുടുംബാംഗങ്ങളിലെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനുവേണ്ട പ്രത്യേക പ്രോജക്ട് നടപ്പാക്കുക.
- റേഷൻ മുൻഗണന പട്ടികയിൽ ഉൾപ്പെടാത്ത കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

## 6. സാമൂഹ്യ നീതി

മാതൃക അങ്കണവാടികൾ ഇല്ല. നഗരസഭ പോഷകാഹാരത്തിനും പ്രീ സ്കൂൾ വിദ്യാഭ്യാസത്തിനും വേണ്ടി വൻതുക ചിലവഴിച്ചിട്ടും അങ്കണവാടികളിൽ കുട്ടികളുടെ എണ്ണം കുറവാണ്. രക്ഷിതാക്കൾ കുട്ടികളെ അങ്കണവാടികളിൽ വിടുന്നതിന് വിമുഖത കാണിക്കുന്നു. ഈ അവസ്ഥയ്ക്ക് മാറ്റം വരണം.

വൃദ്ധജനങ്ങൾക്ക് പകൽവീട് നിർമ്മിച്ചിട്ടുണ്ട് എങ്കിലും അത് പ്രവർത്തനക്ഷമമല്ല. ശാരീരിക -മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ബഡ്സ് സ്കൂളുകൾ ഇല്ല. അവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള പരിശീലന കേന്ദ്രങ്ങൾ ഇല്ല. പഠിക്കുന്ന കുട്ടികൾക്ക് മാത്രമേ

സ്കോളർഷിപ്പ് നൽകുന്നുള്ളൂ. അർഹരായ കുട്ടികൾ ഉണ്ട് എങ്കിലും അവർക്ക് സ്കൂളുകളിൽ പോകാൻ സാധിക്കാത്തതിനാല് സ്കോളർഷിപ്പ് ലഭിക്കുന്നില്ല.

# 7. വനിതാ വികസനം

സ്തീകളുടെ ഉന്നമനത്തിന് വേണ്ടി പല പദ്ധതികളും നടപ്പിലാക്കുന്നുണ്ടെങ്കിലും സ്ത്രീകൾക്ക് പ്രവർത്തന രംഗത്ത് മുന്നേറുവാൻ സാധിക്കുന്നില്ല. സ്ത്രീകൾക്ക് വിദ്യാഭ്യാസം ഉണ്ടെങ്കിലും പലർക്കും ജോലി ലഭിക്കാതെവരുന്ന സാഹചര്യമാണ്. തൊഴിൽ പരിശീലനം നൽകി വരുന്നുണ്ടെങ്കിലും സാമ്പത്തിക ശേഷ ഇല്ലാത്തതുകൊണ്ട് പലിശീലനം ലഭിച്ചവർ തന്നെ വെറുതേ വീട്ടിലിരിക്കുന്ന അവസ്ഥയാണ് ഉള്ളത്. കൃത്യമായ മോണിറ്ററിംഗ് സംവിധാനം ഇല്ലാത്തതു കൊണ്ട് തുടങ്ങിയ പല സംരംഭങ്ങളും നല്ല രീതിയിൽ പ്രവർത്തിക്കുന്നില്ല. സ്ത്രീകൾക്കും കുട്ടി കൾക്കും എതിരെ നടക്കുന്ന കുറ്റകൃത്യങ്ങൾ വളരെ കൂടുതലാണ്. പക്ഷേ ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ കുറവ് വന്നിട്ടുണ്ട്. വനിതകൾക്കായി തുടങ്ങിയ പല സംരംഭങ്ങളും സ്ത്രീകൾക്ക് ഉപയോഗിക്കാൻ സാധിച്ചില്ല. എല്ലാം പുരുഷന്മാരാണ് പ്രവർത്തനം ആരംഭിച്ചത്. തൊഴിലുറപ്പ് പണികളിൽ തൊഴിൽ ദിനങ്ങൾ കുറവായിരുന്നു.

# 8. പട്ടികജാതി വികസനം

മുനിസിപ്പാലിറ്റിയിലെ പട്ടികജാതിക്കാരുടെ ഇടയിൽ അതീവ ഗുരുതരമായ പ്രശ്നങ്ങൾ ഒന്നുംതന്നെയില്ല. 25 കുടുംബങ്ങൾ പുറമ്പോക്കിൽ താമസിക്കുന്നു. മുമ്പ് ധനസഹായം ലഭിച്ചി ട്ടുള്ളവരാണ്. അവർക്ക് പുനരധിവാസ സൗകര്യങ്ങൾ നൽകേണ്ടതാണ്. 157 കുടുംബങ്ങൾക്ക് സ്ഥലവും വീടും ലഭിക്കേണ്ടതുണ്ട്. എല്ലാ വീടുകൾക്കും ടോയ്ലറ്റ് സൗകര്യം ഉണ്ടെങ്കിലും സെപ്റ്റിക് ടാങ്ക് സൗകര്യങ്ങൾ ഇല്ല. ആയത് ലഭ്യമാക്കേണ്ടതുണ്ട്. വിദ്യാഭ്യാസ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങൾ നൽകണം. തൊഴിൽ മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട ജോലി ലഭിക്കുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്തണം.

# 9. ആരോഗ്യം

## ആയുർവ്വേദം

പൊറത്തിശ്ശേരി ഗവ. ആയുർവ്വേദ ഡിസ്പെൻസറിയെ സംബന്ധിച്ച് രോഗികളുടെ എണ്ണ ത്തിനോ വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനത്തിനോ കുറവുകളൊന്നുമില്ല. നാൾക്കുനാൾ രോഗികൾ വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്.

ഇവിടെ ഞങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും ഭീകരമായ പ്രശ്നം സ്ഥാപനത്തിന്റെ ഭൗതികസൗകര്യങ്ങളുടെ അപര്യാപ്തതയാണ്. 60-ലധികം വർഷങ്ങൾക്കുമുമ്പ് പണിത ഈ കെട്ടിടം അന്നുമുതൽ അറ്റകുറ്റപ്പണിയോ പെയിന്റിംഗ് പോലുമോ നടത്താതെ എപ്പോൾ വേണ മെങ്കിലും തകർന്നു വീഴാവുന്ന അവസ്ഥയിലാണ്. മേൽത്തട്ടിൽ നിന്നും സിമന്റ് കട്ടകൾ അടർന്നു വീണ് രോഗികളുടേയും ഡോക്ടറുടേയും മേൽ വീണിട്ടുള്ള സംഭവങ്ങൾ വരെ ഉണ്ടായിട്ടുണ്ട്. അടിയന്തിരമായി നവീകരണത്തിനും അറ്റകുറ്റപ്പണിക്കുമുള്ള സംവിധാനം ഉണ്ടാക്കുകയാണ് ഏറ്റവും പ്രധാനപ്പെട്ട ഭാവിപ്രവർത്തനമായി നടപ്പാക്കേണ്ടത്.

മരുന്നുകളുടെ ദൗർലഭ്യവും ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നുണ്ട്. കഴിഞ്ഞ വർഷം 3 ലക്ഷം രൂപയുടെ മരുന്നാണ് ലഭിച്ചിട്ടുള്ളത്. ഇത്രയധികം ജനങ്ങൾ ചികിത്സ തേടുന്ന ഈ സ്ഥാപന

ത്തിൽ ഇത് തീർത്തും അപര്യാപ്തമാണ്. 8 ലക്ഷം രൂപയെങ്കിലും ചിലവഴിച്ചാലേ തൃപ്തികര മായി ജനങ്ങൾക്ക് മരുന്ന് നൽകുവാൻ കഴിയൂ.

ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലെ 41 വാർഡുകളിലേയും പ്രത്യേകിച്ച് കരുവന്നൂർ, ഊരകം, മാപ്രാണം, പുത്തൻതോട്, മൂർക്കനാട്, പൊറത്താട്, കാറളം, മാടായിക്കോണം, കുഴിക്കാട്ടുകോണം പ്രദേശത്തെ ജനങ്ങളിൽ വലിയ ഒരു വിഭാഗം ഈ പ്രോജക്ടിന്റെ ഗുണഭോ ക്താക്കളാണ്.

## ഹോമിയോ

- നിലവിലെ കെട്ടിടവും സ്ഥലവും പൂർണ്ണമായും ഹോമിയോ ഡിസ്പെൻസറിക്ക് അനുവദിക്കുക.
- പുതിയ കെട്ടിടം മാതൃകാ ഡിസ്പെൻസറിയുടെ സൗകര്യങ്ങളോടെ പണിയുക.
- ഗെയ്റ്റും ചുറ്റുമതിലും സൗകര്യപ്പെടുത്തുക.
- കൂടുതൽ സ്വകാര്യ-സർക്കാർ ബസ്സ് റൂട്ടുകൾ ഈ മേഖലയിലേക്ക് അനുവദിക്കുക. നിലവിൽ ഇരിങ്ങാലക്കുടയിൽ നിന്ന് വന്നുപോകുന്നതിന് രോഗികൾക്ക് 60 രൂപ മുതൽ 80 രൂപ വരെ ആവശ്യമായി വരുന്നു.

ഈ ആവശ്യങ്ങൾക്കായി നഗരസഭ പ്രോജക്ടുകൾ അനുവദിക്കുക.

# 10. ശുചിത്വം, മാലിന്യ സംസ്ക്കരണം

മാലിന്യ സംസ്ക്കരണം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് പ്രാഥമികമായി ഗാർഹിക മാലിന്യസംസ്ക്കരണത്തിന് മുന്തിയ പരിഗണന നൽകേണ്ടതാണ്. ഉറവിട മാലിന്യ സംസ്ക്ക രണം പ്രോത്സാഹിപ്പിക്കുക വഴി മാലിന്യ സംസ്ക്കരണത്തിന് ഒരളവുവരെ പരിഹാരം ഉണ്ടാകു ന്നതാണ്. വീടുകൾ ഉണ്ടാകുന്ന മാലിന്യങ്ങൾ (ജൈവ മാലിന്യങ്ങൾ) സംസ്ക്കരിക്കുന്നതിന് ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്, കമ്പോസ്റ്റ് കുഴികൾ എന്നിവ ഓരോ കുടുംബങ്ങളുടെ സ്ഥലലഭ്യത അനുസരിച്ച് സ്വീകരിക്കുവാൻ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ശൗചാലയത്തിൽ നിന്നുള്ള മലിനജലം ശേഖരിക്കുന്നതിന് സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കുന്ന തിന് ധനസഹായവും, നിർദ്ദേശവും നൽകേണ്ടതാണ്. പ്ലാസ്റ്റിക്, ഇലക്ട്രിക്, ഇലക്ട്രോണിക്സ് മാലിന്യങ്ങൾ വീടുകളിൽ നിന്നും നഗരസഭ ശേഖരിച്ച് സംസ്ക്കരണ ഏജൻസികൾക്ക് കൈമാ റേണ്ടതാണ്.

കച്ചവട-വാണിജ്യ-വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ, മലിനജലം മുത ലായവ നിലവിലുള്ള വേസ്റ്റ് മാനേജ്മെന്റ് റൂൾ അനുസരിച്ച് പരിഹരിക്കേണ്ടതാണ്.

ശുചിത്വമുള്ളതും ഗുണനിലവാരമുള്ളതുമായ പച്ചക്കറി, മത്സ്യം, മാംസം മുതലായവ ലഭ്യ മാക്കുന്നതിന് നിലവിലുള്ള മാർക്കറ്റുകൾ നവീകരിച്ച് മാനദണ്ഡങ്ങൾ അനുസരിച്ച് സ്റ്റാളുകൾ നിർമ്മിക്കേണ്ടതാണ്. മാർക്കറ്റുകൾ ഉണ്ടാകുന്ന പച്ചക്കറി, മത്സ്യ-മാംസത്തിന്റെ അവശിഷ്ടങ്ങൾ സംസ്ക്കരിക്കുന്നതിന് ബയോഗ്യാസ് പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ഇതു വഴി ഉറവിട മാലിന്യ സംസ്ക്കരണം എന്ന ആശയം പ്രാവർത്തികമാക്കാവുന്നതാണ്. വാട്ടർ ട്രീറ്റ്മെന്റ് സ്ഥാപിക്കുക വഴി മലിനജലം ട്രീറ്റുചെയ്യുന്നതിന് ഒരളവുവരെ പരിഹാരമാകുന്നതാ ണ്. ഗുണനിലവാരമുള്ള മാംസത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് അറവുശാല പ്രവർത്തിപ്പി ക്കേണ്ടതുണ്ട്. നിലവിലുള്ള അറവുശാല മാനദണ്ഡങ്ങൾ പാലിച്ച് ആധുനിക രീതിയിൽ നിർമ്മിച്ച് പ്രവർത്തിപ്പിച്ചെങ്കിൽ മാത്രമേ ഗുണനിലവാരമുള്ള മാംസം ജനങ്ങൾക്ക് ലഭ്യമാക്കാനാകൂ. ഇതി നായി പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ മലിനീകരണ നിയന്ത്രണ മാനദണ്ഡങ്ങൾ അനു സരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. നഗരസഭയുടെ ഡമ്പിംഗ് ഗ്രൗണ്ടിൽ മാലിന്യ സംസ്ക്കരണത്തിന് പുതിയ രീതികൾ അവലംബിക്കേണ്ടതുണ്ട്. ജൈവമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് വിൻഡ്രോ കമ്പോസ്റ്റ് (ഉദാ: തുമ്പൂർമൂഴി മെത്തേഡ്) ബയോഗ്യാസ് പ്ലാന്റ്

തുടങ്ങിയ മാർഗ്ഗങ്ങൾ സ്വീകരിച്ച് ജൈവമാലിന്യങ്ങൾ വളമാക്കി കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. പ്ലാസ്റ്റിക്, ഇ-വേസ്റ്റ് തുടങ്ങിയവ ശേഖരിച്ച് വയ്ക്കുന്നതിന് പ്രത്യേക ഷെഡുകൾ നിർമ്മിച്ച് സൂക്ഷിക്കാവുന്നതാണ്. ഇവ റീസൈക്കിൾ ചെയ്ത് പുനരുപയോഗിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതോ, ഇവ കൈകാര്യം ചെയ്യുന്നതിന് അംഗീകൃത ഏജൻസികളെ ഏൽപ്പിക്കുകയോ ചെയ്യാവുന്നതാണ്. പൊതുകിണറുകൾ വൃത്തിയാക്കി കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. ഇതുവഴി വേനൽക്കാലത്തുണ്ടാകുന്ന ജലക്ഷാമത്തിന് പരിഹാരമാകുന്നതാണ്.

## 11. വിദ്യാഭ്യാസം, കല, കായികം, സംസ്ക്കാരം, യുവജനക്ഷേമം

സർക്കാർ മേഖലയിലുള്ള സ്കൂളുകളിൽ നിലവാരം അക്കാദമിക് തലത്തിലും, Infrastructre സൗകര്യങ്ങളും ഉയർത്തുക എന്നതാണ്. സ്കൂളുകളിൽ വിദ്യാർത്ഥികളെ ആകർഷിക്കുന്ന രീതിയിൽ പ്രവർത്തനം നടത്തുവാനും മറ്റും അധ്യാപക സമൂഹവും നഗരസഭയും കൈകോർത്ത് പ്രവർത്തിക്കണം.

സർക്കാർ പൊതുവിദ്യാലയ സംരക്ഷണത്തിന്റെ ഭാഗമായി ക്ലാസ് മുറികൾ ഡിജിറ്റൽ ആക്കുന്നതിനായി ഉപകരണങ്ങൾ വിതരണം ചെയ്യുകയാണ്. ഇവ സ്ഥാപിക്കുന്നതിനായി ക്ലാസ്സ് മുറികൾ സജ്ജമാക്കേണ്ടതായിട്ടുണ്ട്. വിദ്യാഭ്യാസ മേഖല കൂടാതെ യുവജനക്ഷേമം, കല, കായികം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി മേഖലയ്ക്ക് ആവശ്യമായത് നൽകി പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്.

## 12. പാർപ്പിടം

മുൻകാലങ്ങളിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നിവയ്ക്കുള്ള അപേക്ഷകൾ സ്വീകരിച്ച് വാർഡ് സഭയുടെ അംഗീകാരത്തോടെയും, കൗൺസിൽ തീരുമാനത്തോടെയും അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനം നിർമ്മിക്കാനും അറ്റകുറ്റപ്പണി ചെയ്യുന്നതിനുമുള്ള അനുമതി നൽകുകയും നല്ല രീതിയിൽ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

## 13. കുടിവെള്ളം

നടപ്പിലാക്കിയ പല പദ്ധതികളും തുടർ നടത്തിപ്പിന്റെ കാര്യക്ഷമതയില്ലായ്മയിൽ വലിയ തുക KSEBയ്ക്ക് കുടിശ്ശികയാകുന്നത് നഗരസഭയ്ക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. എന്നാൽ സുഗമമായി പ്രവർത്തിക്കുന്ന ഒട്ടേറെ പദ്ധതികളുണ്ട്. എങ്കിലും പ്രധാന ഉറവിടം KWA മുഖേനയുള്ള ജലവിതരണം തന്നെയാണ്. ആയതിനാൽ KWA മുഖേനയുള്ള ജലവിതരണം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്. വാട്ടർ അതോറിറ്റി പൈപ്പ്ലൈൻ കണക്ഷന് വേണ്ടി പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിലും ആവശ്യകതയുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ അപര്യാപ്തമാണ്. നിലവിലുള്ള പല പദ്ധതികളുടേയും വിതരണ ശൃംഖല കൂട്ടേണ്ടതും അതുപോലെ ജലസ്രോതസ്സ് വിപുലീകരിക്കേണ്ടതുമുണ്ട്. പൊതുകിണറുകൾ പലതും ഉപയോഗശൂന്യമായ സ്ഥിതിയിലാണുള്ളത്. ഇവ മാലിന്യങ്ങൾ തള്ളുന്നതിനുള്ള കേന്ദ്രങ്ങളായി മാറിയിരിക്കുകായാണ്.

# 14. പൊതുമരാമത്ത്, ഊർജ്ജം

ചെറിയ ചെറിയ പ്രൊജക്ടുകളാണ് നടപ്പിലാക്കുന്നവയിൽ ഭൂരിപക്ഷവും. നഗരസഭയെ ഒറ്റ യൂണിറ്റായി കണ്ടുകൊണ്ടും സമഗ്രമായ വികസനം ലക്ഷ്യമാക്കിയുമുള്ള പ്രവർത്തനത്തിന്റെ അപര്യാപ്തതയുണ്ട്. പദ്ധതികളുടെ എണ്ണം വർദ്ധിക്കുന്നത് യഥാർത്ഥ ലക്ഷ്യത്തിലെത്തുന്നതിന് തടസ്സമാവുന്നു. ആയതിനാൽ ഭാഗികമായി മാത്രമേ തയ്യാറാക്കിയ പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നുള്ളൂ. വലിയ വലിയ പദ്ധതികൾക്കോ, റോഡുകൾക്കോ പദ്ധതി രൂപീകരിക്കാതെ ചെറിയ ചെറിയ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനാൽ വികസനം പാർശ്വവത്ക്കരിക്കുകയോ സമ്പൂർണ്ണ വികസനം സാദ്ധ്യമാവാത്ത സ്ഥിതിയോ സംജാതമായിട്ടുണ്ട്. പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ വാർഡുകൾ മാത്രം പരിഗണിക്കാതെ മൊത്തത്തിലുള്ള വികസനം പരിഗണിക്കേണ്ടതായുണ്ട്. ഒട്ടേറെ റോഡുകളുടെയും Drainകളുടേയും പ്രവൃത്തികൾ പൂർത്തിയാകില്ലെങ്കിലും തമ്മിൽ ബന്ധിപ്പിക്കുന്നതിനും നെറ്റ്‌വർക്ക് രൂപീകരിക്കുന്നതിനും കഴിഞ്ഞിട്ടില്ല. ഈ അപാകതകൾ പരിഹരിക്കുന്ന വിധമായിരിക്കണം അടുത്ത പദ്ധതികൾ.

# 15. നഗരാസൂത്രണം

നഗരാസൂത്രണവുമായി ബന്ധപ്പെട്ട് ഒരു മാസ്റ്റർ പ്ലാൻ ഇല്ലാത്തതിനാൽ വിവിധ ഭാഗങ്ങളിൽ ഭാഗികമായി നടക്കുന്ന വികസനമാണുണ്ടായിട്ടുള്ളത്. ദീർഘവീക്ഷണത്തോടുകൂടിയും ജനസാന്ദ്രതയും ഗതാഗത വളർച്ചയും കണക്കിലെടുത്തുള്ള വികസന കാഴ്ചപ്പാട് ഉണ്ടായിട്ടില്ല. നഗരസഭയുടെ സമഗ്ര വികസനം മുന്നിൽ കണ്ടുകൊണ്ട് പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്. ഭാഗികമായി ചെയ്യുമ്പോൾ തമ്മിൽ ബന്ധിപ്പിക്കാൻ പ്രയാസം നേരിടുന്നു. 16.235 k.m., അഴുക്കുചാലുകൾ, 417 k.m. ടാർ റോഡ്, 86 k.m. കോൺക്രീറ്റ് റോഡ്, 169 k.m. മെറ്റൽ റോഡ്, 252 k.m. മൺ റോഡ് എന്നിവ നിലവിലുണ്ട്.

അദ്ധ്യായം – 3

# വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

## 1. പൊതുഭരണവും ധനകാര്യവും

നഗരപ്രദേശത്ത് 28 പൊതുകുളങ്ങൾ ഉണ്ട്. 'ഹരിതകേരളം' പദ്ധതിയിലുൾപ്പെടുത്തി കുളങ്ങൾ നവീകരിക്കണം. പാർശ്വങ്ങൾ കയർഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുകയും, രാമച്ചം നട്ടുപിടിപ്പിച്ച് മണ്ണൊലിപ്പ് തടയുകയും ചെയ്ത് തികച്ചും ജൈവരീതിയിൽ സംരക്ഷിക്കുകയും, ഈ കുളങ്ങൾ ശുദ്ധജല മത്സ്യകൃഷി ചെയ്യുന്നതിന് തല്പരരായവർക്ക് എല്ലാ വർഷവും പാട്ടത്തിന് നൽകി നഗരസഭയ്ക്ക് വരുമാനമുണ്ടാക്കാൻ കഴിയും.

പട്ടണത്തിലെ ഞവരിക്കുളം സ്വകാര്യ സംരംഭകർക്ക് പാട്ടത്തിന് നൽകി അതിൽ സായാഹ്നങ്ങളിൽ പെഡൽ ബോട്ടിംഗ്, പാർശ്വങ്ങളിൽ പാർക്ക് ബെഞ്ചുകൾ സ്ഥാപിക്കുകയും, വശങ്ങളിൽ സ്നാക്ക് പാർലറുകൾ എന്നിവയും ഏർപ്പെടുത്തി വരുമാന നേട്ടം ഉണ്ടാക്കുന്ന കാര്യം പരിഗണിക്കണം.

കരുവന്നൂർ പുത്തൻതോട് ഒരു വിനോദകേന്ദ്രമാക്കി മാറ്റാവുന്നതാണ്. പുത്തൻതോട് പാലത്തിന് ഉദ്ദേശം 400 മീറ്റർ പടിഞ്ഞാറ് മാറി പഴയ ചീപ്പ് പാലത്തിന് സമീപം തോടിന് കുറുകെ ഇരിങ്ങാലക്കുട എം.എൽ.എ. പ്രൊഫ. കെ.യു. അരുണൻമാസ്റ്ററുടെ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി ഒരു Hanging Bridge നിർമ്മിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നുണ്ട്. ഇതോടൊപ്പം അവിടെ കൽപ്പടവുകളും ബോട്ടുജെട്ടിയും കെട്ടണം. നഗരസഭ ഇതിനായി പ്രോജക്ട് തയ്യാറാക്കണം. സായാഹ്നങ്ങൾ ആസ്വാദ്യകരമാക്കാൻ ജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണം. കനാലിലൂടെ സ്പീഡ് ബോട്ടിംഗ്, പെഡൽ ബോട്ടിംഗ്, യാട്ടിംഗ്, കാനോയിംഗ് എന്നീ വിനോദങ്ങൾ ഒരുക്കാം. ഒരു പ്രധാന വിനോദകേന്ദ്രമാക്കി ഈ പ്രദേശത്തെ മാറ്റിയെടുക്കുക വഴി നഗരസഭക്ക് പുതിയ വരുമാന സ്രോതസ്സ് ആകും ഈ പദ്ധതി.

5-ാം വാർഡിലെ അങ്ങാടിക്കുളം നവീകരിച്ച് നല്ലൊരു നീന്തൽക്കുളം ആക്കുകയും, 35-ാം വാർഡിലെ തുറുകായ്കുളം നവീകരിച്ച് നല്ലൊരു ജലസംഭരണിയാക്കി മാറ്റി 35, 36, 37 വാർഡുകളിലെ ശുദ്ധജല ക്ഷാമം നേരിടുന്ന അധിവാസ കേന്ദ്രങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്ന ഒരു ശുദ്ധജല വിതരണ പദ്ധതിയും ഈ കുളം സ്രോതസ്സാക്കി ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

നഗരസഭാ പ്രദേശത്തെ പ്രധാന റോഡുകൾ, കവലകൾ എന്നിവയുടെ പേരുകൾ എഴുതിയ ബോർഡുകൾ സ്ഥാപിക്കുന്നതിന് അടിയന്തിരമായി പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷം നടപടി സ്വീകരിക്കാൻ കഴിയണം. പല റോഡുകൾക്കും ഇപ്പോൾ വ്യക്തമായ പേരില്ല. റോഡുകൾക്ക് നാമകരണം വാർഡ്സഭകളിൽ ആലോചിച്ച് ചർച്ചചെയ്ത് തീരുമാനിക്കണം. തർക്കങ്ങൾ ഒഴിവാക്കുന്നതിന് ഇത് ഉപകരിക്കും.

നഗരസഭാ ടൗൺഹാളിന് സമീപം കല്ലട റീജൻസിക്ക് പടിഞ്ഞാറ് ഭാഗത്ത് റോഡിന് സമീപം ഒഴിഞ്ഞുകിടക്കുന്ന സ്ഥലം ടൈലുകൾ പാകി പൊതു ഇടമാക്കി മാറ്റി ഒരു ഓപ്പൺ ഓഡിറ്റോറിയമാക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

നഗരസഭയുടെ റവന്യൂ ചിലവുകൾ കുറയ്ക്കാൻ കഴിയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം. അതിലേറ്റവും പ്രധാനം തെരുവുവിളക്കുകളുടെ പരിപാലനവും വൈദ്യുതി ചാർജ്ജുമാണ്. നിലവിലുള്ള ട്യൂബ് ലൈറ്റുകളും, CFL സ്ട്രീറ്റ് ലൈറ്റുകളും ഘട്ടം ഘട്ടമായി മാറ്റി പകരം ഊർജ്ജക്ഷമതയും ഊർജ്ജലാഭവും മെയിന്റനൻസ് ചാർജ്ജ് കുറവുള്ളതുമായ LED Street Light സ്ഥാപിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്. പട്ടണത്തിന്റെ ഹൃദയഭാഗത്ത് സ്ഥാപിച്ചിട്ടുള്ള ഊർജ്ജ ഉപഭോഗവും ആവർത്തന ചിലവേറിയതുമായ Metal Hallide Lamps/Mercury Lamps

മാറ്റി പകരം 25 watts LED Lights സ്ഥാപിക്കുകയാണെങ്കിൽ നഗരസഭയുടെ ചിലവ് ഗണ്യമായി കുറയ്ക്കാൻ സാധിക്കും. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിൽ യാതൊരുവിധ മാനദണ്ഡവും ഇപ്പോൾ പാലിക്കപ്പെടുന്നില്ല. 30-50 മീറ്റർ അകലത്തിൽ മാത്രമേ തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതുള്ളൂ.

നഗരസഭ ഓഫീസിൽ നിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ പദ്ധതികളായിരിക്കണം ലക്ഷ്യം വെക്കേണ്ടത്.

# 2. കൃഷിയും അനുബന്ധ മേഖലകളും

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് കൃഷിമേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ ഇപ്രകാരമാമ്.

- നഗരപരിധിയിലെ കുളങ്ങളും, തോടുകളും മാലിന്യം നീക്കി പുനരുദ്ധരിക്കൽ, കിണർ റീചാർജ്ജിംഗ്, മഴക്കുഴി നിർമ്മാണം, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ജലസമൃദ്ധി കൈവരിക്കുക.
- വിത്ത്, വളം, തൈകൾ മുതലായ ഉല്പാദനോപാധികൾക്ക് സബ്സിഡി നൽകിക്കൊണ്ട് കൃഷിച്ചെലവ് കുറയ്ക്കുക, കൂടാതെ കൂലിച്ചെലവ് സബ്സിഡി, മൂല്യവർദ്ധനവ് വരുത്തി ഉല്പന്നങ്ങൾ വിപണിയിലിറക്കൽ, ജൈവകൃഷി തുടങ്ങിയവയും നടപ്പിലാക്കുക.
- നെൽകൃഷിയുടെ വിസ്തൃതി നിലവിലുള്ള 400 ഹെക്ടറിൽ നിന്ന് 570 ഹെക്ടറാക്കി ഉയർത്തുക. നെല്ലിന്റെ ഉല്പാദനക്ഷമത നാലര ടണ്ണിൽ നിന്ന് ഏഴര ടണ്ണായി വർദ്ധിപ്പിക്കുക. പച്ചക്കറി കൃഷി മൂന്നിരട്ടിയായി വർദ്ധിപ്പിക്കുക.
- ജൈവ കൃഷി നഗരസഭ പ്രദേശത്ത് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 5 വർഷം കൊണ്ട് ജൈവകൃഷി 500 ഹെക്ടർ സ്ഥലത്തേക്ക് വ്യാപിപ്പിക്കു.
- തരിശുരഹിത നഗരസഭ എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി 170 ഹെക്ടർ തരിശു ഭൂമി നെൽകൃഷിയിലേക്ക് മടക്കിക്കൊണ്ടുവരിക. കൂടാതെ പുരയിടങ്ങളിൽ ഇടവിളയായി കിഴങ്ങുവിളകൾ, പച്ചക്കറി, പയർവിളകൾ തുടങ്ങിയവ കൃഷിചെയ്ത് ഭക്ഷ്യസുരക്ഷയ്ക്ക് മുതൽക്കൂട്ടാകുക.
- തെങ്ങുകൃഷിയിലെ കൂമ്പുചീയൽ, ചെല്ലികളുടെ ആക്രമണം മുതലായവ പ്രതിരോധിക്കുന്നതിന് വാർഡ് തലത്തിൽ ബോധവൽക്കരണവും പ്രതിരോധ നടപടികളും സ്വീകരിക്കുക.
- കർഷകരുടെ ഉല്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിന് കർഷക വിപണികൾ സ്ഥാപിക്കുക.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് നിരവധി പദ്ധതികൾ കൃഷിമേഖലയിൽ ആസൂത്രണം ചെയ്യുകയുണ്ടായി. ഇവയിൽ കൃഷിഭവൻ മുഖേന നടപ്പിലാക്കിയ പദ്ധതികൾ :

നെൽ കർഷകർക്ക് ഉഴവുകൂലി, വാഴകൃഷിക്ക് രാസവള സബ്സിഡി, തെങ്ങിന് ജൈവവള സബ്സിഡി, ജാതികൃഷിക്ക് സബ്സിഡി, പച്ചക്കറി കൃഷിക്ക് സബ്സിഡി എന്നിവയാണ്. കർഷകർക്ക് ഉല്പാദനച്ചെലവ് ചുരുക്കുന്നതിനും കാർഷിക മേഖലയിൽ മുതൽമുടക്ക് പ്രോത്സാഹിപ്പിക്കുന്നതിനും മേൽ പദ്ധതികൾ സഹായിച്ചിട്ടുണ്ട്.

കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പമ്പ്ഹൗസ് നിർമ്മാണം, മോട്ടോർ സ്ഥാപിക്കൽ, പൈപ്പ്ലൈൻ സ്ഥാപിക്കൽ തുടങ്ങി നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. എന്നാൽ എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ ഉദ്ദേശിച്ച ഫലം ലഭിച്ചിട്ടില്ല.

## 3. മൃഗസംരക്ഷണം

ഉല്പാദനം ലക്ഷ്യമാക്കി മേൽപറഞ്ഞ മേഖലകളിൽ എല്ലാം മതിയായ രീതിയിൽ ഇടപെടുന്നതിനുള്ള പ്രോജക്ടുകൾ അത്യാവശ്യമാണ്. പ്രോജക്റ്റിന്റെ നടത്തിപ്പിന് തൃപ്തികരമായ രീതിയിൽ നടത്തുവാൻ ആവശ്യമായ ഭേദഗതികൾ ഭരണാധികാരികളുടെ സഹായത്തോടുകൂടി നേടിയെടുക്കേണ്ടതുണ്ട്.

## 4. പ്രാദേശിക സാമ്പത്തിക വികസനം

(ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ സഹകരണം മുതലായവ)

വ്യവസായ ഭൂമി ഏറ്റെടുത്ത് വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് ഇത്തരം വ്യവസായശാലകളിൽ സ്വദേശീയർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നതോടൊപ്പം ഉല്പാദനമേഖലയുടെ വികസനത്തിലൂടെ പ്രദേശത്തിന്റെ സമഗ്രമായ സാമ്പത്തിക വികസനവും സാധ്യമാകുന്നു. പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾക്ക് മുൻതൂക്കം നൽകി ഇരിങ്ങാലക്കുടയെ പ്രമുഖ വ്യവസായങ്ങളുടെ സിരാകേന്ദ്രമാക്കി മാറ്റുക.

## 5. ദാരിദ്ര്യ ലഘൂകരണം

- **2017–2018** ഒന്നാംഘട്ട ഭവന പദ്ധതി നടപ്പിലാക്കിക്കൊണ്ടുള്ള പ്രവർത്തനം.
- **2018–2019** രണ്ടാംഘട്ട ഭവന പദ്ധതി (ലൈഫ് മിഷൻ).
- **2019–2020** ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന നടപടി.
- **2020–2021** പുനരധിവാസം രണ്ടാം ഘട്ടം നടപ്പിലാക്കുക.
- **2021–2022** സമ്പൂർണ്ണ ഭവന പദ്ധതി പ്രഖ്യാപനം നടത്തുക.
- **2022–2023** എല്ലാ കുടുംബങ്ങളിലും സ്വയംതൊഴിൽ പരിശീലനം ബന്ധപ്പെട്ട തൊഴിൽ സാധ്യത.
- **2024–2025** സമ്പൂർണ്ണ അഗതി രഹിത നഗരസഭ പ്രഖ്യാപനം നടത്തുക.
- **2025–2026** സമ്പൂർണ്ണ ജൈവകൃഷി നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
- **2027–2028** ഓരോ വീട്ടിലും സ്വന്തമായി പച്ചക്കറി കൃഷി ഉൽപ്പാദനം നടത്തുന്നതിനു വേണ്ട നടപടിക്രമങ്ങൾ സ്വീകരിക്കുക.
- **2028–2029** സമ്പൂർണ്ണ വിഷരഹിത പച്ചക്കറി ഉല്പാദ നഗരസഭ പ്രഖ്യാപനം.
- **2029–2030** സമ്പൂർണ്ണ സൗരോർജ്ജ ഉല്പാദന നഗരസഭ. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ലഭ്യമാകുന്ന പ്രോജക്ട്.
- **2017–2018** സമ്പൂർണ്ണ ഭവനപദ്ധതി PMAY ലൈഫ് ഒന്നാം ഘട്ടം.
- **2018–2029** രണ്ടാം ഘട്ട ഭവനപദ്ധതി PMAY ലൈഫ് മിഷൻ
- **2019–2020** എല്ലാവർക്കും വരുമാന മാർഗ്ഗം കണ്ടെത്തൽ (സ്വയംതൊഴിൽ കുടുംബശ്രീ സംവിധാനം)
- **2020–2021** ബി.പി.എൽ. വിഭാഗങ്ങൾക്കും ചേരി നിവാസികൾക്കും കുടിവെള്ള പ്രോജക്ടുകൾ നടപ്പിലാക്കുക.
- **2021–2022** എല്ലാ വിഭാഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക.

# 6. സാമൂഹ്യ നീതി

1. കുട്ടികളുടെയും വനിതകളുടെയും വികസനം
2. ചേരി നിർമ്മാർജ്ജനം
3. പട്ടികജാതി പട്ടികവർഗ്ഗ വികസനം
4. ദാരിദ്ര്യ നിർമാർജ്ജനം
5. ഭിന്നശേഷി സൗഹൃദ നഗരസഭ
6. സാമൂഹ്യ സുരക്ഷിതത്വമുള്ള നഗരസഭ
7. വയോജന ക്ഷേമം
8. ക്ഷേമ പെൻഷനുകൾ

# 7. വനിതാ വികസനം

- സ്ത്രീ പുരുഷ സമത്വം ഉറപ്പാക്കുകയും പൊതുമേഖലയിൽ സ്ത്രീകൾക്ക് മുന്നേറുവാനുള്ള സാഹചര്യം സൃഷ്ടിക്കുക.
- വനിതാ തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.
- വനിതാ സൗഹൃദ മുനിസിപ്പാലിറ്റി.

# 8. പട്ടികജാതി വികസനം

- പുറമ്പോക്കിൽ താമസിക്കുന്നവർക്കും ഭൂരഹിതർക്കും ഭൂമിയും വീടും ലഭ്യമാക്കുക.
- വിദ്യാഭ്യാസ മേഖലയിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ ലക്ഷ്യമിടുന്നു.
- സ്വയംതൊഴിൽ പ്രൊജക്ടുകൾ ലക്ഷ്യമിടുന്നു.
- സിവിൽ സർവ്വീസ് മേഖലയിലും പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തും മികച്ച നേട്ടങ്ങൾ കൈവരിക്കുക.
- 100% പേർക്കും ഭൂമിയും വാസയോഗ്യമായ വീട് ലഭ്യമാക്കുക.
- 100% കുടുംബങ്ങൾക്കും കുടിവെള്ള ലഭ്യത ഉറപ്പാക്കുക.
- 100% കുടുംബങ്ങളിലും ഒരാൾക്കെങ്കിലും മികച്ച തൊഴിൽ ലഭ്യമാക്കുക.

# 9. ആരോഗ്യം

## ആയുർവേദം

13-ാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്ന സമഗ്രാരോഗ്യത്തിന് അടിസ്ഥാന ഭാരതീയ ശാസ്ത്രവും പ്രതിരോധത്തിലൂന്നിയ ജീവിത നിയമങ്ങൾ പകർന്നുകൊടുക്കുന്ന വിജ്ഞാനശാഖയുമെന്ന നിലയ്ക്ക് ആയുർവ്വേദത്തിന് ഒരാപാട് കാര്യങ്ങൾ ചെയ്യാനുണ്ട്.

ഘട്ടം ഘട്ടമായി ഈ 5 വർഷത്തിനിടയിൽ അടിസ്ഥാനസൗകര്യ വികസനം, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, പടിപടിയായി തൊട്ടടുത്തുള്ള ഒഴിഞ്ഞുകിടക്കുന്ന മുനിസിപ്പാലിറ്റി സോണൽ കെട്ടിടത്തിന്റെ ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി 15 ബെഡ്ഡുള്ള പഞ്ചകർമ്മ ചികിത്സയും സ്പെഷ്യാലിറ്റി ചികിത്സയുമുള്ള ഒരു I.P. ആയുർവ്വേദ ആശുപത്രിയായി ഉയർത്താനുള്ള കർമ്മ പദ്ധതിക്കാണ് വിഭാവനം ചെയ്യേണ്ടത്. തദ്ദേശ ഭരണസ്ഥാപനത്തിന്റേയും ഭരണസമിതിയുടേയും പൂർണ്ണ പിന്തുണയുണ്ടെങ്കിൽ എത്രയും പെട്ടെന്ന് തന്നെ ഈ സ്വപ്നം 5 വർഷത്തിനകം യാഥാർത്ഥ്യമാകും.

## ഹോമിയോ ഡിസ്പെൻസറി

- കൂടുതൽ സൗകര്യങ്ങളോടെ ഇരുനിലക്കെട്ടിടം.
- സ്വന്തമായ സ്ഥലവും കെട്ടിടവും അനുവദിക്കുക.
- നിലവിലെ ഡിസ്പെൻസറി മാതൃകാ ഡിസ്പെൻസറിയായി പരിവർത്തിപ്പിക്കുക.
- രോഗികളെ കിടത്തി ചികിത്സാ സൗകര്യമുള്ള ഗവ. ഹോമിയോ താലൂക്ക് ആശുപത്രിയായി ഭാവിയിൽ മാറ്റുന്നതിനുള്ള ഇടപെടലുകൾ നടത്തുക.
- മരുന്നുകൾ സൂക്ഷിക്കുന്നതിനും, ഓഫീസ് നിർവ്വഹണത്തിനും അലമാരകൾ, കമ്പ്യൂട്ടർ എന്നിവ അനുവദിക്കുക.
- പരിശോധനാ റൂമും, ഫാർമസിയും, മരുന്ന് സൂക്ഷിക്കുന്ന സ്ഥലവും, പൂർണ്ണമായും ശീതീകരണ സംവിധാനം സ്ഥാപിക്കുക.
- യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ബസ്സ് സർവ്വീസ് അനുവദിക്കുക.

## പ്രാഥമിക ആരോഗ്യകേന്ദ്രം

- പി.എച്ച്.സി.യിലെ അടിസ്ഥാന സൗകര്യം ഉയർത്തുക.
- രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.
- പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുക.
- ഫാർമസി, സ്റ്റോർ ശീതാകരിക്കുന്നതിനുള്ള നടപടി.

## ജനറൽ ഹോസ്പിറ്റൽ

ഈ ആശുപത്രിയിൽ മാസത്തിലൊരിക്കൽ എല്ലാ ആദ്യത്തെ ചൊവ്വാഴ്ചയും മെഡിക്കൽ ബോർഡ് പ്രവർത്തിക്കുന്നുണ്ട്. പുതിയതായി Hot pipeline ആശുപത്രിയിലെ ജലലഭ്യത ഉറപ്പുവരുത്താൻ സഹായകരമാണ്.

ജനറൽ ആശുപത്രിയായി ഉയർത്തപ്പെട്ട ഈ സ്ഥാപനത്തിൽ ICU ഇല്ല എന്നുള്ളത് ഒരു പോരായ്മയാണ്. ICU, Scanning, Hormonal Test, Cancer ചികിത്സയ്ക്ക് രോഗം നേരത്തേ കണ്ടുപിടിക്കുന്നതിനായി Mamogram Test ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടാക്കേണ്ടതാണ്.

ആശുപത്രിയുടെ ഭൗതിക സാഹചര്യം ഉയർത്തുന്നതിനായി കെട്ടിട നിർമ്മാണം, മെയിന്റനൻസ്, ഉപകരണങ്ങൾ, ഫർണ്ണീച്ചറുകൾ ലഭ്യമാക്കൽ എന്നിവ അത്യാവശ്യമാണ്. ഈ സ്ഥാപനത്തിലെ ബയോമെഡിക്കൽ വെയ്സ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം ആശുപത്രിയിൽ നിർമ്മിക്കേണ്ടത് ആവശ്യമാണ്. ഇതോടൊപ്പം Water Treatment Plantഉം സ്ഥാപിക്കേണ്ടതാണ്. ആവശ്യമായ മരുന്നുകളും ആശുപത്രിയുടെ ദൈനംദിന ചെലവിനായുള്ള ഫണ്ടും ലഭ്യമാക്കണം.

പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം: രോഗികൾക്കും പൊതുജനങ്ങൾക്കും ജീവനക്കാർക്കുമുള്ള നിർദ്ദേശങ്ങളും അറിയിപ്പുകളും നൽകുന്നതിനു വേണ്ടിയുള്ള സിസ്റ്റം.

കൂടാതെ

- കാൻസർ സ്ക്രീനിംഗ്, ജീവിതശൈലീരോഗങ്ങൾ നടത്താനുള്ള പദ്ധതി
- മൈഗ്രൻസ് സ്ക്രീനിംഗ് പദ്ധതി
- പെയിൻ & പാലിയേറ്റീവ്
- പകർച്ചവ്യാധി നിയന്ത്രണ പദ്ധതി
- പബ്ലിക് സ്കൂളുകൾ, സർക്കാർ സ്ഥാപനങ്ങൾ ഇവയുടെ കുടിവെള്ള സ്രോതസ്സുകളുടെ ജലശുചിത്വം ഉറപ്പുവരുത്തുക.

# 10. ശുചിത്വം, മാലിന്യ സംസ്ക്കരണം

മാലിന്യ സംസ്ക്കരണം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് പ്രാഥമികമായി ഗാർഹിക മാലിന്യസംസ്ക്കരണത്തിന് മുന്തിയ പരിഗണന നൽകേണ്ടതാണ്. ഉറവിട മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുക വഴി മാലിന്യ സംസ്ക്കരണത്തിന് ഒരളവുവരെ പരിഹാരം ഉണ്ടാകുന്നതാണ്. വീടുകൾ ഉണ്ടാകുന്ന മാലിന്യങ്ങൾ (ജൈവ മാലിന്യങ്ങൾ) സംസ്ക്കരിക്കുന്നതിന് ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്, കമ്പോസ്റ്റ് കുഴികൾ എന്നിവ ഓരോ കുടുംബങ്ങളുടെ സ്ഥലലഭ്യത അനുസരിച്ച് സ്വീകരിക്കുവാൻ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ശൗചാലയത്തിൽ നിന്നുള്ള മലിനജലം ശേഖരിക്കുന്നതിന് സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കുന്നതിന് ധനസഹായവും, നിർദ്ദേശവും നൽകേണ്ടതാണ്. പ്ലാസ്റ്റിക്, ഇലക്ട്രിക്, ഇലക്ട്രോണിക്സ് മാലിന്യങ്ങൾ വീടുകളിൽ നിന്നും നഗരസഭ ശേഖരിച്ച് സംസ്ക്കരണ ഏജൻസികൾക്ക് കൈമാറേണ്ടതാണ്.

കച്ചവട-വാണിജ്യ-വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ, മലിനജലം മുതലായവ നിലവിലുള്ള വേസ്റ്റ് മാനേജ്മെന്റ് റൂൾ അനുസരിച്ച് പരിഹരിക്കേണ്ടതാണ്.

ശുചിത്വമുള്ളതും ഗുണനിലവാരമുള്ളതുമായ പച്ചക്കറി, മത്സ്യം, മാംസം മുതലായവ ലഭ്യമാക്കുന്നതിന് നിലവിലുള്ള മാർക്കറ്റുകൾ നവീകരിച്ച് മാനദണ്ഡങ്ങൾ അനുസരിച്ച് സ്റ്റാളുകൾ നിർമ്മിക്കേണ്ടതാണ്. മാർക്കറ്റുകൾ ഉണ്ടാകുന്ന പച്ചക്കറി, മത്സ്യ-മാംസത്തിന്റെ അവശിഷ്ടങ്ങൾ സംസ്ക്കരിക്കുന്നതിന് ബയോഗ്യാസ് പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ഇതുവഴി ഉറവിട മാലിന്യ സംസ്ക്കരണം എന്ന ആശയം പ്രാവർത്തികമാക്കാവുന്നതാണ്. വാട്ടർ ട്രീറ്റ്മെന്റ് സ്ഥാപിക്കുക വഴി മലിനജലം ട്രീറ്റുചെയ്യുന്നതിന് ഒരളവുവരെ പരിഹാരമാകുന്നതാണ്. ഗുണനിലവാരമുള്ള മാംസത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് അറവുശാല പ്രവർത്തിപ്പിക്കേണ്ടതുണ്ട്. നിലവിലുള്ള അറവുശാല മാനദണ്ഡങ്ങൾ പാലിച്ച് ആധുനിക രീതിയിൽ നിർമ്മിച്ച് പ്രവർത്തിപ്പിച്ചെങ്കിൽ മാത്രമേ ഗുണനിലവാരമുള്ള മാംസം ജനങ്ങൾക്ക് ലഭ്യമാക്കാനാകൂ. ഇതിനായി പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ മലിനീകരണ നിയന്ത്രണ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. നഗരസഭയുടെ ഡമ്പിംഗ് ഗ്രൗണ്ടിൽ മാലിന്യ സംസ്ക്കരണത്തിന് പുതിയ രീതികൾ അവലംബിക്കേണ്ടതുണ്ട്. ജൈവമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് വിൻഡ്രോ കമ്പോസ്റ്റ് (ഉദാ: തുമ്പൂർമൂഴി മെത്തേഡ്) ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ മാർഗ്ഗങ്ങൾ സ്വീകരിച്ച് ജൈവമാലിന്യങ്ങൾ വളമാക്കി കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. പ്ലാസ്റ്റിക്, ഇ-വേസ്റ്റ് തുടങ്ങിയവ ശേഖരിച്ച് വയ്ക്കുന്നതിന് പ്രത്യേക ഷെഡുകൾ നിർമ്മിച്ച് സൂക്ഷിക്കാവുന്നതാണ്. ഇവ റീസൈക്കിൾ ചെയ്ത് പുനരുപയോഗിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതോ, ഇവ കൈകാര്യം ചെയ്യുന്നതിന് അംഗീകൃത ഏജൻസികളെ ഏൽപ്പിക്കുകയോ ചെയ്യാവുന്നതാണ്. പൊതുകിണറുകൾ വൃത്തിയാക്കി കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. ഇതുവഴി വേനൽക്കാലത്തുണ്ടാകുന്ന ജലക്ഷാമത്തിന് പരിഹാരമാകുന്നതാണ്.

# 11. വിദ്യാഭ്യാസം, കല, കായികം, സംസ്ക്കാരം, യുവജനക്ഷേമം

- ഇരിങ്ങാലക്കുട നഗരസഭയുടെ കീഴിലുള്ള മുഴുവൻ ക്ലാസ്മുറികളും ഡിജിറ്റൽ ക്ലാസ്മുറികളാക്കുക.
- സർക്കാർ നൽകുന്ന ഡിജിറ്റൽ ക്ലാസ്മുറികൾ സ്കൂളുകളിൽ ലഭിക്കുന്നതിനായി റൂമുകൾ അടച്ചുറപ്പുള്ളതാക്കി മാറ്റൽ.

- സാമൂഹ്യവിരുദ്ധരുടെ പിടിയിൽനിന്നും സ്കൂളുകളെ മോചിപ്പിക്കുന്നതിനായി ചുറ്റുമതിലും CCTV ക്യാമറയും സ്ഥാപിക്കുക.
- കെട്ടിടം ആവശ്യമുള്ള സ്കൂളുകൾക്ക് അവ നിർമ്മിച്ച് നൽകുക.
- സ്കൂളുകളുടെ ലാബുകൾ (HS, HSS, VHSE, UP, LP) നവീകരിക്കുക
- കുടിവെള്ളം ഉറപ്പുവരുത്തുക.
- മൂത്രപ്പുര, ടോയ്‌ലറ്റ് എന്നിവ നവീകരിക്കുക.
- ഇരിങ്ങാലക്കുടയിൽ സ്റ്റേഡിയം നിർമ്മിക്കുക. ലൈബ്രറി പുസ്തകങ്ങളും ഗ്രാന്റും കൂടുതലായി അനുവദിക്കുക.
- സ്കൂളുകളിൽ ആവശ്യമായ വസ്തുക്കൾ വാങ്ങുന്നതിനായി തുക വിലയിരുത്തുക.
- NSS, ലഹരി വിരുദ്ധ ബോധവൽക്കരണം എന്നിവയ്ക്കായി തുക വിലയിരുത്തുക.
- കലയെ വളർത്തുന്നതിനായി മേഖലയ്ക്ക് ആവശ്യമായ തുക നൽകി സംരക്ഷിക്കുക.

## 12. പാർപ്പിടം

- സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുക.
- സമ്പൂർണ്ണ കുടിവെള്ള പദ്ധതി നടപ്പിലാക്കുക.
- സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുക.

## 13. കുടിവെള്ളം

പൊതുകിണറുകളും മറ്റു സ്രോതസ്സുകളും കണ്ടെടുത്ത് സംരക്ഷിക്കേണ്ടതും സംഭരണശേഷി വർദ്ധിപ്പിക്കേണ്ടതും അനിവാര്യമാണ്. KWAയുടെ വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സർക്കാർ അനുമതിയോടെ മോട്ടോർ വാങ്ങി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. അതുപോലെ തന്നെ പല വിതരണ ലൈനുകളും കാലപ്പഴക്കം കൊണ്ട് പുനഃസ്ഥാപിക്കേണ്ടത് അനിവാര്യമായിട്ടുണ്ട്. വികസിച്ചുകൊണ്ടിരിക്കുന്ന നഗരസഭയുടെ ആവശ്യകതയ്ക്കനുസരിച്ച് വിതരണശൃംഖല വിപുലമാക്കേണ്ടതുണ്ട്. ഇതിനായി പ്രത്യേകം പദ്ധതി ആവിഷ്ക്കരിക്കേണ്ടതുണ്ട്. പരമാവധി ജലസംഭരണം നടത്തേണ്ടത് അനിവാര്യമായതിനാൽ മഴവെള്ള സംഭരണം (റീചാർജ്ജിംഗ്) ഉൾപ്പെടെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. പൊതു കിണറുകളെല്ലാം സംരക്ഷിച്ച് ജലസംഭരണത്തിന്റെ കേന്ദ്രങ്ങളായി മാറ്റേണ്ടതുണ്ട്. നിലവിലുള്ള സ്രോതസ്സുകൾ വിപുലീകരിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. പുതിയ സ്രോതസ്സുകൾ കണ്ടെത്തി സംരക്ഷിച്ച് പ്രയോജനപ്രദമാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. എല്ലാ വീടുകളിലും ജലസംഭരണം/റീചാർജ്ജിംഗ് പ്രോത്സാഹിപ്പിക്കുന്ന വിധത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

## 14. പൊതുമരാമത്ത്, ഊർജ്ജം

ഗതാഗതക്കുരുക്ക് പരിഗണിച്ച് പ്രധാന റോഡുകൾ വീതികൂട്ടുകയും നിലവാരം ഉയർത്തുകയും ചെയ്യേണ്ടതുണ്ട്. തിരക്ക് കുറയ്ക്കുന്നതിനായി തിരഞ്ഞെടുത്ത റോഡുകൾ വീതികൂട്ടുകയും റിംഗ് റോഡുകൾ നിർമ്മിക്കുകയും ചെയ്യേണ്ടതാണ്. മഴക്കാലത്ത് വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും ടൗൺ ഏരിയയിൽ മലിനജലം നീക്കംചെയ്യുന്നതിനും പ്രത്യേകം ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. മലിനജലം ട്രീറ്റ്മെന്റ് ചെയ്യുന്നതിനായി ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കേണ്ടത് അനിവാര്യമാണ്. ഠാണാവ് ജംഗ്ഷനിൽ ഫ്ളൈ ഓവർ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

# 15. നഗരാസൂത്രണം

നഗരസഭയെ വിവിധ മേഖലകൾ ആയി തിരിച്ച് ദീർഘവീക്ഷണത്തോടു കൂടിയും ഗതാഗത വർദ്ധനവും ആവശ്യങ്ങളും മുന്നിൽ കണ്ടുകൊണ്ട് വലിയ പദ്ധതികൾ ആവിഷ്ക്കരിച്ച് ഘട്ടം ഘട്ടമായി നടപ്പിലാക്കേണ്ടതാണ്. വളരെ ചെറിയ ചെറിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനാൽ ചില പ്രദേശങ്ങളുടെ വികസനം മാത്രമേ ലക്ഷ്യപ്രാപ്തിയിലെത്തുന്നുള്ളൂ. നഗരസഭയുടെ മൊത്തത്തിലുള്ള വികസനം മുന്നിൽ കണ്ടുകൊണ്ട് ഒറ്റ യൂണിറ്റായി കണക്കാക്കി പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. പ്രധാന റോഡുകളുടെ വീതികൂട്ടൽ, നിലവാരം ഉയർത്തൽ, ബൈപാസുകളുടെ നിർമ്മാണം തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിച്ച് റോഡ് നെറ്റ്വർക്ക് സ്ഥാപിക്കേണ്ടതുണ്ട്. അതുപോലെ തന്നെ ടൗൺ ഏരിയയെ കണക്കിലെടുത്ത് ഒരു ഡ്രൈനേജ് നെറ്റ്വർക്ക് സ്ഥാപിച്ച് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് മുഖേന ട്രീറ്റ്മെന്റ് നടത്തി ഉപയോഗിക്കാവുന്ന കാര്യം പരിഗണിച്ച് ബാക്കി മാത്രം ഒഴുക്കി കളയാവുന്ന സംവിധാനം നടപ്പിലാക്കേണ്ടതുണ്ട്. മലിനജലം മൂലം ഉണ്ടായേക്കാവുന്ന ദൂരവ്യാപകമായ ഫലങ്ങൾക്ക് ഇതുമൂലം പരിഹാരമാവുന്നതാണ്.

# അദ്ധ്യായം - 4

## പ്രതീക്ഷിത വിഭവസ്രോതസ്സുകളും വകയിരുത്തലുകളും

## 2026-2027

**ജനറൽ**

| | |
|---|---|
| സാധാരണ വിഹിതം | 84901000 |
| പട്ടികജാതി | 34673000 |
| സംസ്ഥാന വിഹിതം<br>തനത് ഫണ്ട് | 5590000 |
| **മെയ്ന്റനൻസ്** | |
| റോഡ് | 69131000 |
| റോഡിതരം | 61180000 |
| **ആകെ അടങ്കൽ** | **249885000** |

## അദ്ധ്യായം - 8

# വായ്പാബന്ധങ്ങൾ

കേരള മുനിസിപ്പാലിറ്റി ആക്റ്റ് പ്രകാരമുള്ള അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്ന തുൾപ്പെടെ ഭാരിച്ച ഉത്തരവാദിത്വങ്ങളാണ് നഗരസഭക്ക് നിർവ്വഹിക്കാനുള്ളത്. സർക്കാർ അനുവദിക്കുന്ന പദ്ധതി വിഹിതം, കേന്ദ്രസംസ്ഥാന ആവിഷ്കൃത പരിപാടികൾ നടപ്പാക്കുന്നതിനുള്ള തുക, തനത് ഫണ്ടിൽ റവന്യൂ ചെലവുകൾ കഴിഞ്ഞുള്ള മെച്ചം എന്നിവ കൊണ്ട് മാത്രം വർദ്ധിച്ചുവരുന്ന ചുമതലകൾ നിറവേറ്റുവാൻ സാധിക്കുകയില്ല. ഇവിടെയാണ് വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ നിന്നും വികസനപ്രവർത്തനങ്ങൾക്ക് വായ്പ സമാഹരിക്കേണ്ടതിന്റെ ആവശ്യകത ഉയർന്നു വരുന്നത്.

നഗരസഭകളുടെ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയായ 'കുടുംബശ്രീ' പദ്ധതിയിൽ ഉൾപ്പെടുത്തിയ പല പ്രവർത്തനങ്ങൾക്കും ആവശ്യത്തിന് ബാങ്ക് വായ്പ സമാഹരിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. വായ്പയിലൂടെ വിജയകരമായി പ്രവർത്തിക്കുന്ന ഗ്രൂപ്പ് സംരഭങ്ങളും, വ്യക്തിഗത സംരഭങ്ങളും നമ്മുടെ നഗരസഭകളിൽ ഉണ്ട്. എന്നാൽ ജനകീയാസൂത്രണ പ്രവർത്തനങ്ങളിലും, തുടർന്നുള്ള കേരള വികസന പദ്ധതി പ്രവർത്തനങ്ങളിലും വായ്പയിലൂടെ ധനം സമാഹരിക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. ബാങ്കുകളുമായി കൂടുതൽ ബന്ധപ്പെട്ട് ഈ പോരായ്മ പരിഹരിക്കുന്നതിനും 10-ാം പദ്ധതികളുടെ ഇനിയുള്ള വർഷത്തെ പ്രവർത്തനത്തിന് മതിയായ അളവിൽ വായ്പാലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതായുണ്ട്.

## അദ്ധ്യായം - 9

# സംയോജന സാദ്ധ്യതകളും സമഗ്രപരിപാടികളും

എല്ലാവികസന മേഖലകളും തമ്മിൽ പ്രവർത്തനങ്ങളിലെ അന്യോന്യബന്ധം മനസ്സിലാക്കികൊണ്ട്, നഗരസഭയിലെ ജനങ്ങളുടെ പരസ്പര ബന്ധിതമായ ആവശ്യങ്ങൾക്കെല്ലാം സാധ്യമായ എല്ലാ മാർഗ്ഗങ്ങളിലൂടെയുമുള്ള പദ്ധതി സംയോജനം പ്രാവർത്തികമാക്കി പത്താം പഞ്ചവത്സരപദ്ധതികൾ മികവുറ്റതാക്കുക എന്നതാണ് പദ്ധതി ഏകോപനം സംബന്ധിച്ച് നഗരസഭയുടെ കാഴ്ചപ്പാട്. ഇതിനായി നഗരസഭയിലെയും കൈമാറി കിട്ടിയതും അല്ലാത്തതുമായ എല്ലാ വകുപ്പുകളുടെയും മറ്റ് വികസന ഏജൻസികളുടെയും സഹായം ഉപയോഗപ്പെടുത്തുവാൻ ലക്ഷ്യമിടുന്നു. ഇതിന് പുറമെ സംസ്ഥാ വിഷ്കൃതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതത്തിന്റെയും യുക്തിസഹമായ ഉപയോഗവും സംയോജനവും ഉറപ്പ് വരുത്തുന്നതായിരിക്കും.

നിർദ്ദേശങ്ങൾ

1. അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മയിൽ മുൻപന്തിയിലാണ് നമ്മുടെ സംസ്ഥാനമെങ്കിലും കാർഷികവൃത്തി ഒരു തൊഴിലായി സ്വീകരിക്കാൻ വൈമുഖ്യമുള്ള യുവതലമുറയും വളരുന്ന തലമുറയുമാണ് നമുക്കുള്ളത്. ഇവരെ കാർഷിക വൃത്തിയിലേക്ക് ആകർഷിക്കുന്നതിന് അയൽക്കൂട്ടം, കുടുംബശ്രീ എന്നീ മേഖലയിലൂടെയും വിദ്യാർത്ഥി ബോധവത്ക്കരണത്തിലൂടെയും വിദ്യാലയങ്ങളിൽ പച്ചക്കറി ക്ലബ്ബുകൾ, മണ്ണ് ജല സംരക്ഷണ ക്ലബ്ബുകൾ, സാമൂഹ്യ വനവത്ക്കരണ ക്ലബ്ബുകൾ, സന്നദ്ധസേവന ക്ലബ്ബുകൾ എന്നിവയുടെ രൂപീകരണം , പ്രവർത്തനം എന്നിവയിലൂടെയും അദ്ധ്യാപക പങ്കാളിത്തത്തിലൂടെയും നടപ്പിലാക്കുക.

2. കൃഷി, ആരോഗ്യം, എന്നീ മേഖലകളുടെ സംയോജനത്തിലൂടെ ഔഷധ സസ്യകൃഷി, ആയുർവേദാശുപത്രിയിൽ ഔഷധ നിർമ്മാണയൂണിറ്റ്, കീടനശിനികളുടെ അമിതവും അനിയന്ത്രിതവുമായ ഉപയോഗത്താൽ ആരോഗ്യരംഗത്ത് വരുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച ബോധവത്ക്കരണം.

3. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൂടുതൽ നടപടികൾ.

4. ദാരിദ്ര്യ നിർമ്മാർജ്ജന സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ എല്ലാ മേഖലകളുടെയും സഹായത്തോടെ നടപ്പിലാക്കൽ.

5. എല്ലാ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കും പദ്ധതിയുടെ സുഖമമായ നടത്തിപ്പിനുമായി അയൽക്കൂട്ടങ്ങളുടെ ശക്തീകരണവും ചിട്ടിയായ നടത്തിപ്പും ഉറപ്പാക്കൽ.

6. കുടിവെള്ള ക്ഷാമ പരിഹാരത്തിനായി നീർത്തട വികസനവുമായി ബന്ധിപ്പിച്ച് സ്ഥാപനങ്ങളിലും വീടുകളിലും അയൽക്കൂട്ടങ്ങൾ വഴിയും ബോധവത്ക്കരണവും മഴവെള്ള സംഭരണവും ഉൾപ്പെടെ ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.

7. ദുർബ്ബല വിഭാഗങ്ങളെ എല്ലാ മേഖലയിലും പങ്കാളികളാക്കുന്നതിനുള്ള ചിട്ടിയായപ്രവർത്തനങ്ങൾ

8. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളിലൂടെ വനിതകളെ എല്ലാ മേഖലകളിലും കർമ്മനിരതരാക്കുന്നതിനും അതുവഴി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച് ഉയർത്തുന്നതിനാവശ്യമായ പരിപാടികൾ എല്ലാവികസന മേഖലകളുടെയും സംയോജനത്തിലൂടം നടപ്പിലാക്കൽ.

9. അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി സന്നദ്ധസേവനം ഉപയോഗപ്പെടുത്താനുള്ള ഊർജ്ജിത ശ്രമങ്ങൾ

10. വിദ്യാഭ്യാസ നിലവാരവും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സാമൂഹ്യ രംഗത്തെ ഇടപെടൽ വർദ്ധിപ്പിക്കൽ.

## അദ്ധ്യായം - 10

# മോണിറ്ററിംഗ്

പദ്ധതി പ്രവർത്തനങ്ങൾ ഏറ്റവും സുതാര്യമായതും ജനോപകാരപ്രദമായും പദ്ധതിയിൽ നിഷ്കർഷിച്ചിരുന്ന രീതിയിൽ നിയമപരമായും യഥാസമയം നടപ്പിലാക്കപ്പെടുന്നു. എന്ന് ഉറപ്പു വരുത്തുന്നതിനും പദ്ധതി പ്രവർത്തനങ്ങളിലെ ബുദ്ധിമുട്ടുകൾ യഥാസമയം പരിഹരിച്ച് മുന്നേറുന്നതിനും അതുവഴി പത്താം പദ്ധതി എല്ലാ അർത്ഥത്തിലും വിജയിപ്പിക്കുന്നതിനും വളരെ സൂക്ഷ്മവും ശക്തിമത്തായതുമായ മോണിറ്ററിംഗ് ഓരോ പദ്ധതി പ്രവർത്തനങ്ങളിലും നടക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ പത്താം പദ്ധതി അതിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കുകയുള്ളൂ. കൈമാറി കിട്ടിയ വകുപ്പുകളുടെ കാര്യത്തിൽ 5 തലങ്ങളിലും മോണിറ്ററിംഗ് നടത്തേണ്ടതായുണ്ട്. വകുപ്പ്തലം, വാർഡ്തലം, വർക്കിംഗ് ഗ്രൂപ്പ് തലം, സ്റ്റാന്റിംഗ് കമ്മറ്റി തലം, കൗൺസിൽ തലം, എന്നിവയാണ് ഇവ. പദ്ധതി പ്രവർത്തനവും അവലോകനവും സുകമമാക്കുന്നതിനായി ഈ ഓരോ തലത്തിൽ നിന്നും ഓരോരുത്തരെ വീതം ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റികൾ ഓരോ മേഖലക്കും രൂപീകരിച്ച് മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കണം.